VOL NO: 04 | ISSUE 40
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 OCTOBER 03 | 1442 SAFAR 16 | ₹12

വാരിക

## വിദ്യാഭ്യാസനയത്തിലെ ഒളിയജണ്ടകൾ

രാഷ്ട്രവികസനത്തിന്റെ നെടുംതൂണായ വിദ്യാഭ്യാസരംഗം സുശക്തമാക്കുന്നതിനും ജാതിമത ഭേദമന്യെ ഇന്ത്യയിലെ ഓരോ പൗരനും അതിന്റെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ വിദ്യാഭ്യാസനയങ്ങൾ രൂപീകരിക്കപ്പെട്ടത്. എന്നാൽ മുൻ പ്രധാനമന്ത്രിമാരായിരുന്ന ഇന്ദിരാഗാന്ധിയും രാജീവ് ഗാന്ധിയും മുന്നോട്ടുവെച്ച വിദ്യാഭ്യാസ നയങ്ങളിൽ പലതിന്റെയും കടയ്ക്കൽ കത്തി വെച്ചുകൊണ്ടാണ് മോഡി സർക്കാർ പുതിയ കരട് അവതരിപ്പിച്ചിട്ടുള്ളത്. എന്താണ് ഈ നയവ്യതിയാനം കൊണ്ട് കേന്ദ്രം ലക്ഷ്യമിടുന്നത്?



- മരണം; ക്വുർആൻ പറയുന്നത്
- സന്മാർഗത്തിൽ അടിയുറച്ചു നിലകൊള്ളുക
- ദേശീയ വിദ്യാഭ്യാസനയം: ഉള്ളടക്കം, ഉൾഭയവും

## നിയമം കയ്യിലെടുക്കുന്ന ഫെമിനിസ്റ്റുകളും വൃത്തികേടുവിളമ്പുന്ന യുട്യൂബർമാരും

സഭ്യതയുടെ സീമകൾ ലംഘിച്ച് വ്യക്തിഹത്യ നടത്തിയ ഒരു യൂട്യൂബ് വീഡിയോയും അതിനെത്തുടർന്ന് ഫെമിനിസ്റ്റുകൾ നടത്തിയ കയ്യേറ്റവും കേരളത്തെ നാണക്കേടിലാക്കിയിരിക്കുകയാണ്. അസഹിഷ്ണുതയുടെ പാരമ്യതയാണോ ശക്തമായ സൈബർ നിയമത്തിന്റെ അപര്യാപ്തതയാണോ മേൽ പ്രശ്നത്തിന്റെ മൂലകാരണം?



മാനസിക
സമ്മർദങ്ങൾക്ക്
സ്നേഹ സാന്ത്വനം
WISDOM YOUTH
WISDOM
alive
COUNSELLING DESK
കൊറന്റൈൻ ചെയ്യപ്പെട്ടവർക്ക് സമാശ്വാസം
മാനസിക ശാരീരിക പ്രതിസന്ധികൾക്ക് പരിഹാരം
വിളിക്കേണ്ട സമയം : 9 AM to 5 PM
വിദഗ്ദ്ധ ഡോക്ടർമാർ, മാനസികരോഗ വിദഗ്ദ്ധർ, ഫാമിലി കൗൺസിലർമാർ, പണ്ഡിതൻമാർ തുടങ്ങിയവരുടെ സേവനം.
WISDOM HEALTHCARE
Wisdom Islamic Youth Organization, CV Complex, PV Swami Road - Calicut
wisdomyouth



നേർപഥം
വാരിക

0194 / 2020 ഒക്ടോബർ 03 / 1442 സഫർ 16 / പുസ്തകം 04 / ലക്കം 40

# വിദ്യാഭ്യാസനയത്തിലെ ഒളിയജണ്ടകൾ

**പി.ഒ ഉമർ ഫാറൂഖ്, തിരൂരങ്ങാടി**

**മുഖമൊഴി**
നിയമം കയ്യിലെടുക്കുന്ന ഫെമിനിസ്റ്റുകളും വ്യത്തികേട് വിളമ്പുന്ന യുട്യൂബർമാരും / 05

**ലേഖനം**
മരണം; ക്വുർആൻ പറയുന്നത് / 06
മുനവ്വർ ഫൈറൂസ്
ദേശീയ വിദ്യാഭ്യാസനയം: ഉള്ളടക്കം, ഉൾഭയവും / 18
സി.പി ചെറിയ മുഹമ്മദ്
തിരിച്ചറിയുക; അനുഗ്രഹങ്ങളെ / 22
ശബീബ് സ്വലാഹി, തിരൂരങ്ങാടി
ഗുണകാംക്ഷ / 27
അബ്ദുൽ ജബ്ബാർ മദീനി

**ജാലകം**
പച്ചവെള്ളവും കാരക്കയും / 26
- സി

**ഹദീസ് പാഠം**
സന്മാർഗത്തിൽ അടിയുറച്ചു നിലകൊള്ളുക / 31
ഉസ്മാൻ പാലക്കാഴി

**ക്വുർആൻ ദർശനം**
മുംതഹിന, ഭാഗം: 2 / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**
വഴിതെറ്റി ഒടുങ്ങിയ ജീവിതം / 34
ഇബ്നു അലി എടത്തനാട്ടുകര

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

# കോവിഡിന്റെ മറവിൽ ബില്ലുകൾ പാസ്സാക്കുന്നതിൽ ദുരൂഹത; വിസ്ഡം

കോഴിക്കോട്: രാജ്യം കോവിഡിന്റെ പ്രതിസന്ധിയിലും നിയന്ത്രണത്തിലും നിൽക്കുന്ന ഘട്ടത്തിൽ തിരക്കിട്ട് ബില്ലുകൾ പാസ്സാക്കുന്ന കേന്ദ്രസർക്കാർ നയം ജനാധിപത്യ വിരുദ്ധമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സംയുക്ത സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു. ബില്ലുകൾ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്ന ജനവിഭാഗങ്ങളുമായോ, പ്രധാന രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായോ കൂടിയാലോചനയില്ലാതെ നടത്തുന്ന നീക്കങ്ങൾ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് യോഗം മുന്നറിയിപ്പ് നൽകി.

ചെറുകിട കർഷകരെയും വ്യവസായികളെയും നശിപ്പിക്കുന്ന വിധത്തിൽ കോർപ്പറേറ്റുകൾക്ക് സഹായകമാ വുന്ന വിധത്തിലാണ് സർക്കാറിന്റെ പ്രഖ്യാപനങ്ങൾ. രാജ്യത്തിനും സമൂഹത്തിനും ഗുണകരമാകുന്ന ബില്ലുകളാണെങ്കിൽ സുതാര്യമായ വഴികളിലൂടെ നിയമ ഭേദഗതി കൊണ്ടുവരാൻ സർക്കാർ തയ്യാറാകണം.

പി.എൻ.അബ്ദുല്ലത്വീഫ് മദനി ആധ്യക്ഷ്യം വഹിച്ചു. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ഹുസൈൻ സലഫി, ടി.കെ. അശ്റഫ്, പ്രൊഫ. ഹാരിസുബ്നു സലീം, അബൂബക്കർ സലഫി, സി.പി. സലീം, നബീൽ രണ്ടത്താണി, ഹുസൈൻ കാവനൂർ, ഹാരിസ് മദനി കായക്കൊടി, കെ.താജുദ്ദീൻ സ്വലാഹി, അർഷദ് അൽഹികമി, ഷമീൽ അരീക്കോട്, കെ.സജ്ജാദ്, ജമാൽ പെരിന്തൽമണ്ണ, ഡോ.റസീല എന്നിവർ സംബന്ധിച്ചു.

## ആത്മീയ ചൂഷണങ്ങളെ കരുതിയിരിക്കുക: വിസ്ഡം യൂത്ത്

മലപ്പുറം: ഇസ്‌ലാമിക പ്രമാണങ്ങളിൽനിന്ന് അകന്ന് കെട്ടുകഥകൾക്ക് പിന്നാലെ പോയതാണ് ആത്മീയ ചൂഷണങ്ങൾക്കുള്ള വാതിലുകൾ തുറന്നതെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി 'മാല മൗലിദുകളുടെ വേരുകൾ തേടി' എന്ന തലക്കെട്ടിൽ സംഘടിപ്പിച്ച തൽസമയ മുഖാമുഖം അഭിപ്രായപ്പെട്ടു. കെട്ടുകഥകൾ ദുർബലമനസ്സുകൾക്ക് പകർന്ന് നൽകിയും ദിവ്യത്വം സ്വയം അലങ്കരിച്ചും ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് ചൂഷകർ സാംസ്കാരിക കേരളത്തിലും തഴച്ച് വളരുകയാണ്. വിശുദ്ധ ക്വുർആനിന്റെയും പ്രവാചകാധ്യാപനങ്ങളുടെയും ശരിയായ വായനയും ജീവിതക്രമവും ചൂഷണമുക്തമായ സമൂഹത്തിന്റെ സൃഷ്ടിക്ക് കാരണമാകും.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉൽഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി ആധ്യക്ഷ്യം വഹിച്ചു. ഫൈസൽ മൗലവി പുതുപറമ്പ് മുഖ്യപ്രഭാഷണം നിർവഹിച്ചു.വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി, അബ്ദുൽ മാലിക് സലഫി, ഒ. മുഹമ്മദ് അൻവർ, ടി.കെ നിഷാദ് സലഫി, മൂസ സ്വലാഹി കാര, ജംഷീർ സ്വലാഹി എന്നിവർ സംസാരിച്ചു.

## ആരോഗ്യ സംശയനിവാരണത്തിന് അവസരമൊരുക്കി പീസ് റേഡിയോ

പെരിന്തൽമണ്ണ: പൊതുജനങ്ങൾക്ക് ആരോഗ്യ സംബന്ധമായ സംശയങ്ങൾ വീട്ടിലിരുന്നുതന്നെ വിദഗ്ധരായ ഡോക്ടർമാരോട് ചോദിക്കുവാനുള്ള അവസരമൊരുക്കി പീസ് റേഡിയോയുടെ 'ഡോക്ടറോഡ് ചോദിക്കാം'എന്ന ശ്രദ്ധേയമായ പദ്ധതിയ്ക്ക് തുടക്കമായി. സംശയങ്ങൾ വോയ്സ് ആയോ ടെക്സ്റ്റ് ആയോ പീസ് റേഡിയോ ഫീഡ്ബാക്ക് സംവിധാനത്തിലൂടെ അയച്ചുകൊണ്ടാണ് ഡോക്ടർമാരുടെ ഉപദേശം തേടേണ്ടത്. അതിനായി വിദഗ്ധരായ ഡോക്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്. രോഗവിവരങ്ങളനുസരിച്ച് അനുയോജ്യരായ സ്പെഷ്യലിസ്റ്റുകൾക്ക് കൈമാറുകയും അതനുസരിച്ച് മറുപടി നൽകുകയും ചെയ്യും. കോവിഡ് 19ന്റ വ്യാപനത്താൽ കണ്ടയ്ൻമെന്റ് സോണുകളിൽ കഴിയുന്നവർക്കും നിത്യരോഗികൾക്കും യാത്രാ സൗകര്യമില്ലാത്തവർക്കും പൊതുജനങ്ങൾക്കുമെല്ലാം ഉപകാരപ്പെടും വിധമാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്.

## തിരുത്ത്

നേർപഥം ലക്കം 191ൽ ക്വുർആൻ ദർശനത്തിൽ സൂറത്തു സ്വഫ്ഫിന്റെ താഴെ 'മക്കയിൽ അവതരിച്ചത്' എന്നത് പിശകാണ്. മദീനയിലാണ് പ്രസ്തുത അധ്യായം അവതരിച്ചത്. മാന്യ വായനക്കാർ തിരുത്തിവായിക്കുമല്ലോ.

mail@nerpatham.com, www.nerpatham.com

മുഖമൊഴി

# നിയമം കയ്യിലെടുക്കുന്ന ഫെമിനിസ്റ്റുകളും വൃത്തികേടു വിളമ്പുന്ന യുട്യൂബർമാരും


മൂന്നു വനിതകൾ ചേർന്ന് ഒരു പുരുഷനെ അയാളുടെ ഓഫീസ് മുറിയിൽ കയറി മർദിക്കുകയും തെറിപറയുകയും അയാളുടെ ശരീരത്തിൽ കരിഓയിൽ ഒഴിക്കുകയും ചെയ്ത സംഭവവും അതിനുശേഷമുണ്ടായ പുകിലുകളും സാമൂഹ്യമാധ്യമങ്ങളും ചാനലുകളും ആഘോഷിച്ചുകൊണ്ടിരിക്കുകയാണ്. തന്റെ യുട്യൂബ് ചാനലിലൂടെ ഫെമിനിസ്റ്റുകളെ, പ്രത്യേകിച്ച് അവരിൽ പെട്ട ചില വ്യക്തികളെ പേരെടുത്തു പറഞ്ഞ് അധിക്ഷേപിച്ചതാണ് ഫെമിനിസ്റ്റുകളും ആക്ടിവിസ്റ്റുകളുമൊക്കെയാണെന്ന് സ്വയം പരിചയപ്പെടുത്തുന്ന സ്ത്രീകളെ പ്രകോപിപ്പിക്കാൻ കാരണം. അയാൾ പേരെടുത്തുപറഞ്ഞ് വൃത്തികെട്ട ഭാഷയിൽ അവഹേളിച്ച വനിതതന്നെയാണ് അയാളെ 'പാഠം പഠിപ്പിക്കാൻ' തുനിഞ്ഞ് വരമ്പത്തുകൂലി കൊടുക്കാൻ ചെന്നിരിക്കുന്നത്.

അയാളുടെ പ്രമാദമായ വീഡിയോ കണ്ടപ്പോൾ ഈ സ്ത്രീകൾ ഇത്രയല്ലേ ചെയ്തുള്ളൂ, ഇതു പോരായിരുന്നു എന്ന് തോന്നിപ്പോയി. കാരണം അത്രയും മോശമായ രൂപത്തിലാണ് അയാൾ ഈ വന്ന വനിതകളിൽ ഒരാളെക്കുറിച്ച് പറയുന്നത്. എന്നോട് വേറൊരാൾ പറഞ്ഞതേ ഞാൻ പറഞ്ഞിട്ടുള്ളൂ എന്ന് ന്യായീകരിക്കുന്ന അയാൾ എന്നാൽ താൻ ഇത്തിരി മസാലകൂട്ടി പറഞ്ഞിട്ടുണ്ട് എന്ന് സമ്മതിക്കുന്നുമുണ്ട്. കേരളത്തിലെ അനേകം 'മുസ്‌ലിം തീവ്രവാദികൾ' ഗൾഫ് രാജ്യങ്ങളിലുണ്ടെന്നും എന്തിനായും തയ്യാറായി നടക്കുന്ന ഈ ഫെമിനിസ്റ്റുകൾക്ക് ഫണ്ട് സ്വരൂപിച്ചു കൊടുക്കുകയും ശാരീരികമായി അവരെ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട് എന്നുമുള്ള 'വമ്പിച്ച രഹസ്യം' ഇതിയാൻ വെളിപ്പെടുത്തുകയും ചെയ്യുന്നുണ്ട്! ഒരുകാര്യം ഉറപ്പ്, ഇയാൾ ചെയ്തത് വമ്പിച്ച അപരാധം തന്നെയാണ്. ഇനിയും ഇത്തരം പ്രവൃത്തിയിലേർപ്പെടാതിരിക്കത്തക്കവിധം അയാൾ ശിക്ഷിക്കപ്പെടുക തന്നെ വേണം. ചില വനിതകളെ പേരെടുത്തു പറഞ്ഞ് അവരുടെ ദുസ്സ്വഭാവം അയാൾ വിവരിച്ചതിൽ വല്ല കഴമ്പുമുണ്ടോ ഇല്ലേ എന്നറിയില്ല. ഉണ്ടെങ്കിലും ഇല്ലെങ്കിലും നിർലജ്ജം ലോകരുടെ മുമ്പിൽ അത്തരം വൃത്തികേടുകൾ വാരിവിളമ്പുവാൻ നമ്മുടെ നാട്ടിലെ നിയമവും നമ്മുടെ സംസ്കാരവും അനുവദിക്കുന്നില്ലല്ലോ. മാന്യതയുള്ളവർക്ക് നിരക്കുന്നതുമല്ല അത്.

ഈ വനിതകൾ അയാളോടു ചെയ്ത അതിക്രമത്തെയും ന്യായീകരിക്കാനാവില്ല. അതിന്റെ ദൃശ്യങ്ങൾ പകർത്തുകയും പ്രചരിപ്പിക്കുകയും ചെയ്ത് അവർ തന്നെയാണല്ലോ. അതിൽ അവർ പറയുന്ന അറപ്പുതോന്നുന്ന തെറിവാക്കുകൾ അവർ പേറുന്ന ഫെമിനിസത്തിന്റെ അർഥതലങ്ങൾ വ്യക്തമാക്കുന്നുണ്ട്. പോലീസിൽ പരാതികൾ ഏറെ നൽകിയിട്ടും നടപടിയെടുക്കാത്തതിനാലാണത്രെ ഇവർ നിയമം കയ്യിലെടുത്തതും അക്രമം കാണിച്ചതും. ഇവർ ചെയ്തതിനെ ന്യായീകരിച്ച്, നിയമം കയ്യിലെടുത്തതിൽ തെറ്റില്ല എന്നു പ്രസ്താവിച്ച് പ്രഗത്ഭയായ കവയിത്രിയും രംഗത്തെത്തിയിട്ടുണ്ട്. (അയാൾ ഇവർക്കെതിരെയും തന്റെ വീഡിയോയിൽ ആരോപണമുന്നയിക്കുന്നുണ്ട്).

വാളയാറിലും കേരളത്തിലെ മറ്റു പല സ്ഥലങ്ങളിലും പീഡനത്തിനിരകളായ എത്രയോ പെൺകുട്ടികളുണ്ട്. അവർക്കൊന്നും വേണ്ടി ഒരക്ഷരം ഉരിയാടാനോ പീഡനവീരന്മാർക്കെതിരെ രംഗത്തിറങ്ങാനോ മനസ്സുകാണിക്കാത്ത, തങ്ങളുടെ പേരിൽ ആരോപണമുന്നയിക്കപ്പെട്ടപ്പോൾ മാത്രം സടകുടഞ്ഞെണീറ്റ ഫെമിനിസ്റ്റുകൾ എന്തിനുവേണ്ടിയാണ് നിലകൊള്ളുന്നത് എന്ന് സാമൂഹ്യമാധ്യമങ്ങളിലൂടെ പലരും ചോദിച്ചുകൊണ്ടിരിക്കുന്നതിൽ കഴമ്പില്ലാതില്ല.

ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിലായാലും ഫെമിനിസത്തിന്റെ പേരിലായാലും ഒരാളുടെയും അഭിമാനത്തിന് ക്ഷതമേൽപിക്കുവാൻ അനുവദിച്ചുകൂടാ. അത് വലിയ അപരാധം തന്നെയാണ്. ഈ വിഷയത്തിൽ ഇസ്‌ലാം മഹത്തായ മാർഗദർശനമാണ് നൽകുന്നത്. ഇസ്‌ലാമിക നിയമത്തിന്റെ ദൃഷ്ടിയിൽ ഒരു വ്യക്തിയുടെ അഭിമാനത്തിന്റെ മാനദണ്ഡം അയാളുടെ സാമൂഹ്യ പദവിയോ സാമ്പത്തിക സ്ഥിതിയോ അല്ല. ഏതൊരു വ്യക്തിയുടെയും അഭിമാനം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഒരു വാക്കുമതി അന്യന്റെ അഭിമാനത്തെ നശിപ്പിക്കാൻ. നഷ്ടപ്പെട്ട അഭിമാനം വീണ്ടെടുക്കൽ ദുഷ്‌കരമാണ്. എന്തെങ്കിലും ഭൗതിക താൽപര്യത്തിന്റെ പേരിൽ, അല്ലെങ്കിൽ വ്യക്തി വിരോധത്തിന്റെ പേരിൽ അന്യന്റെ അഭിമാനം കശക്കിയെറിയാൻ കച്ചകെട്ടി ഇറങ്ങുന്നവർ ചിന്തിക്കുക.



മുനവ്വർ ഫൈറൂസ്
munavvarfairooz1@gmail.com

# മരണം; ക്വുർആൻ പറയുന്നത്

**ലോ**കത്ത് ആരും നിഷേധിക്കാത്ത, എല്ലാവരും അംഗീകരിക്കുന്ന ഒരു വലിയ യാഥാർഥ്യമാണ് മരണം. മരണത്തെപ്പറ്റി പരിശുദ്ധ ക്വുർആനിൽ ഒരുപാട് പരാമർശങ്ങൾ കാണുവാൻ സാധിക്കും. അതിൽ പെട്ട ഏതാനും വചനങ്ങൾ ഇവിടെ നൽകുന്നു. ചിന്തിക്കുവാനും ജീവിതം നന്നാക്കുവാനും മരണത്തെക്കുറിച്ചുള്ള സൂക്തങ്ങൾ സഹായകമാകാതിരിക്കില്ല.

സൃഷ്ടികളിൽ ആരും മരണത്തിന് അതീതരല്ല: "ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (ക്വുർആൻ 3:185).

"(നബിയേ,) നിനക്ക് മുമ്പ് ഒരു മനുഷ്യന്നും നാം അനശ്വരത നൽകിയിട്ടില്ല. എന്നിരിക്കെ നീ മരിച്ചെങ്കിൽ അവർ നിത്യജീവികളായിരിക്കുമോ? ഓരോ വ്യക്തിയും മരണം ആസ്വദിക്കുകതന്നെ ചെയ്യും. ഒരു പരീക്ഷണം എന്ന നിലയിൽ തിന്മ നൽകിക്കൊണ്ടും നന്മ നൽകിക്കൊണ്ടും നിങ്ങളെ നാം പരിശോധിക്കുന്നതാണ്. നമ്മുടെ അടുത്തേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും" (ക്വുർആൻ 21:34,35)

നാം എവിടെയാണെങ്കിലും മരണം നമ്മെ പിടികൂടും: "നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടുന്നതാണ്. നിങ്ങൾ ഭദ്രമായി കെട്ടി ഉയർത്തപ്പെട്ട കോട്ടകൾക്കുള്ളിലായാൽ പോലും..." (ക്വുർആൻ 4:78).

നാം എവിടെയാണെങ്കിലും നമ്മുടെ ആത്മാവിനെ ഏറ്റെടുക്കുവാൻ മരണത്തിന്റെ മലക്ക് കടന്നുവരും: "(നബിയേ,) പറയുക: നിങ്ങളുടെ കാര്യത്തിൽ ഏൽപിക്കപ്പെട്ട മരണത്തിന്റെ മലക്ക് നിങ്ങളെ മരിപ്പിക്കുന്നതാണ്. പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടുന്നതുമാണ്" (ക്വുർആൻ 32:11).

അല്ലാഹു നിശ്ചയിച്ച ഈ അലംഘനീയമായ വിധിയിൽനിന്ന് രക്ഷപ്പെടുവാൻ ആർക്കും സാധ്യമല്ല: "(നബിയേ,) പറയുക: തീർച്ചയായും ഏതൊരു മരണത്തിൽനിന്ന് നിങ്ങൾ ഓടിയകലുന്നുവോ അത് തീർച്ചയായും നിങ്ങളുമായി കണ്ടുമുട്ടുന്നതാണ്. പിന്നീട് അദൃശ്യവും ദൃശ്യവും അറിയുന്നവന്റെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയും ചെയ്യും. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ പറ്റി അവൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്'' (ക്വുർആൻ 62:8).

മരണത്തിന്റെ സമയം നിശ്ചയിക്കപ്പെട്ടതാണ്: "അല്ലാഹു മനുഷ്യരെ അവരുടെ അക്രമംമൂലം (ഉടനടി) പിടികൂടിയിരുന്നെങ്കിൽ ഭൂമുഖത്ത് യാതൊരു ജന്തുവെയും അവൻ വിട്ടേക്കുമായിരുന്നില്ല. എന്നാൽ നിർണിതമായ ഒരു അവധിവരെ അവൻ അവർക്ക് സമയം നീട്ടിക്കൊടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ അവരുടെ അവധി വന്നാൽ ഒരു നാഴിക നേരം പോലും അവർക്ക് വൈകിക്കാൻ ആവുകയില്ല. അവർക്കത് നേരെത്തെയാക്കാനും കഴിയില്ല" (ക്വുർആൻ 16:61).

മരണത്തിൽനിന്ന് ഒഴിഞ്ഞുമാറുവാൻ ഒരാൾക്കും സാധ്യമല്ല: "മരണവെപ്രാളം യാഥാർഥ്യവും കൊണ്ട് വരുന്നതാണ്. എന്തൊന്നിൽനിന്ന് നീ ഒഴിഞ്ഞുമാറിക്കൊണ്ടിരിക്കുന്നുവോ അതത്രെ ഇത്" (ക്വുർആൻ 50:19)

"നാം നിങ്ങൾക്കിടയിൽ മരണം കണക്കാക്കിയിരിക്കുന്നു. നാം ഒരിക്കലും തോൽപിക്കപ്പെടുന്നവനല്ല"(ക്വുർആൻ 56:60).

മരിക്കുന്ന വ്യക്തിയെ രക്ഷപ്പെടുത്തുവാൻ ആർക്കും സാധ്യമല്ല: "എന്നാൽ അത് (ജീവൻ) തൊണ്ടക്കുഴിയിൽ എത്തുമ്പോൾ എന്തുകൊണ്ടാണ് (നിങ്ങൾക്കത് പിടിച്ചു നിർത്താനാകാത്തത്?). നിങ്ങൾ അന്നേരത്ത് നോക്കിക്കൊണ്ടിരിക്കുമല്ലോ. നാമാണ് ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം നിങ്ങളെക്കാളും അടുത്തവൻ. പക്ഷേ, നിങ്ങൾ കണ്ടറിയുന്നില്ല. അപ്പോൾ നിങ്ങൾ (ദൈവികനിയമത്തിന്) വിധേയരല്ലാത്തവരാണെങ്കിൽ നിങ്ങൾക്കെന്തുകൊണ്ട് അത് (ജീവൻ) മടക്കി എടുക്കാനാവുന്നില്ല; നിങ്ങൾ സത്യവാദികളാണെങ്കിൽ'' (ക്വുർആൻ 56:83-87).

ആ മരിച്ചുകൊണ്ടിരിക്കുന്ന വ്യക്തി ഒരുപക്ഷേ, നിങ്ങളുടെ സഹോദരനാകാം, അല്ലെങ്കിൽ സഹോദരിയോ പിതാവോ ഭർത്താവോ ഭാര്യയോ മകനോ മകളോ സുഹൃത്തോ ആകാം. ആരായിരുന്നാലും അയാളെ നിങ്ങൾക്ക് നോക്കിക്കൊണ്ടിരിക്കാനെല്ലാതെ അയാളുടെ ജീവൻ രക്ഷിക്കുവാൻ നിങ്ങൾക്ക് സാധ്യമല്ല.



മരണ സന്ദർഭത്തെ സംബന്ധിച്ച് പരിശുദ്ധ ക്വുർആൻ പറയുന്നത് ഇപ്രകാരമാണ്: "അല്ല, (പ്രാണൻ തൊണ്ട ക്കുഴിയിൽ എത്തുകയും, മന്ത്രിക്കാനാരുണ്ട് എന്ന് പറയപ്പെടുകയും, അത് (തന്റെ) വേർപാടാണെന്ന് അവൻ വിചാരിക്കുകയും, കണങ്കാലും കണങ്കാലുമായി കൂടിപ്പിണയുകയും ചെയ്താൽ, അന്ന് നിന്റെ രക്ഷിതാവിങ്കലേക്കായിരിക്കും തെളിച്ചുകൊണ്ടുപോകുന്നത്" (ക്വുർആൻ 75:26-30).

ഒരു മന്ത്രവും ഉപകരിക്കാത്ത, ഒരു ചികിത്സയും ഫലം ചെയ്യാത്ത, ഒരു വിദഗ്ധനായ ഡോക്ടർക്കും രക്ഷിക്കുവാൻ സാധിക്കാത്ത വല്ലാത്ത ഒരു നിസ്സഹായാവസ്ഥയാണത്.

നാം ഒരുനാൾ മരിക്കും എന്നുള്ളത് നമുക്ക് ഉറപ്പാണ്. 'ഞാൻ മരിച്ചാൽ എന്റെ മയ്യിത്ത് സന്ദർശിക്കുവാൻ ആളുകൾ കടന്നുവരും. അന്ന് എന്റെ മക്കൾ അനാഥരാകും. എന്റെ ഭാര്യ വിധവയാകും. എന്റെ മാതാപിതാക്കൾക്ക് മകനെ നഷ്ടപ്പെടും. എന്റെ വേർപാടിൽ എല്ലാവരും ദുഃഖിക്കും' എന്നൊക്കെയുള്ള ചിന്തകൾക്കുപരി, 'ഞാൻ മരിച്ചാൽ എന്റെ അവസ്ഥ എന്തായിരിക്കും' എന്ന ചിന്തയാണ് നമുക്കെല്ലാം ഉണ്ടായിരിക്കേണ്ടത്. അതിനാൽ നാം യഥാർഥ മുസ്‌ലിംകളായി മരണപ്പെടാൻ ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്" (ക്വുർആൻ 3:102).

യഅ്ക്വൂബ് നബിﷺയും ഇബ്‌റാഹീം നബിﷺയും മക്കളെ ഉപദേശിച്ചത് ഇപ്രകാരമാണ്: 'ഇബ്‌റാഹീമും യഅ്ക്വൂബും അവരുടെ സന്തതികളോട് ഇത് (കീഴ്‌വണക്കം) ഉപദേശിക്കുക കൂടി ചെയ്തു. എന്റെ മക്കളേ, അല്ലാഹു നിങ്ങൾക്ക് ഈ മതത്തെ വിശിഷ്ടമായി തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ അല്ലാഹുവിന് കീഴ്‌പെടുന്നവരായി (മുസ്‌ലിംകളായി)ക്കൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്. (ഇങ്ങനെയാണ് അവർ ഓരോരുത്തരും ഉപദേശിച്ചത്)' (ക്വുർആൻ 2:132)

യൂസുഫ് നബിﷺയുടെ പ്രാർഥനയിൽ നമുക്ക് ഇങ്ങനെ കാണാം: 'എന്റെ രക്ഷിതാവേ, നീ എനിക്ക് ഭരണാധികാരത്തിൽ നിന്ന് (ഒരംശം) നൽകുകയും സ്വപ്നവാർത്തകളുടെ വ്യാഖ്യാനത്തിൽ നിന്നും (ചിലത്) നീ എനിക്ക് പഠിപ്പിച്ചുതരികയും ചെയ്തിരിക്കുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവേ, നീ ഇഹത്തിലും പരത്തിലും എന്റെ രക്ഷാധികാരിയാകുന്നു. നീ എന്നെ മുസ്‌ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ" (ക്വുർആൻ 12:101).

പരിശുദ്ധമായ വിശ്വാസവും സൽകർമങ്ങളുമുള്ളവർ മരണപ്പെടുമ്പോൾ അവർക്ക് സന്തോഷമായിരിക്കും: "ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട. നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞുകൊള്ളുക. ഐഹികജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. നിങ്ങൾക്കവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾക്കവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാമുണ്ടായിരിക്കും. ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായ അല്ലാഹുവിങ്കൽ നിന്നുള്ള സൽക്കാരമത്രെ അത്" (ക്വുർആൻ 41:30-32).

ഇഹലോകത്തുനിന്ന് പിരിഞ്ഞുപോകുന്നതിൽ ദുഃഖവും വരാനിരിക്കുന്ന ലോകത്തെപ്പറ്റി ആലോചിച്ച് ഭയവും വേണ്ടതില്ലന്ന് മലക്കുകൾ അവരെ സുവിശേഷം അറിയിക്കും. അവരോട് പറയപ്പെടും: "ഹേ;

> **നാം ഒരുനാൾ മരിക്കും എന്നുള്ളത് നമുക്ക് ഉറപ്പാണ്. 'ഞാൻ മരിച്ചാൽ എന്റെ മയ്യിത്ത് സന്ദർശിക്കുവാൻ ആളുകൾ കടന്നുവരും. അന്ന് എന്റെ മക്കൾ അനാഥരാകും. എന്റെ ഭാര്യ വിധവയാകും. എന്റെ മാതാപിതാക്കൾക്ക് മകനെ നഷ്ടപ്പെടും. എന്റെ വേർപാടിൽ എല്ലാവരും ദുഃഖിക്കും' എന്നൊക്കെയുള്ള ചിന്തകൾക്കുപരി, 'ഞാൻ മരിച്ചാൽ എന്റെ അവസ്ഥ എന്തായിരിക്കും' എന്ന ചിന്തയാണ് നമുക്കെല്ലാം ഉണ്ടായിരിക്കേണ്ടത്. അതിനാൽ നാം യഥാർഥ മുസ്‌ലിംകളായി മരണപ്പെടാൻ ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്. യഥാർഥ സത്യവിശ്വാസികളായി, നെറ്റിയിൽ വിയർപ്പുകണങ്ങളുമായി ഈ ലോകത്തോട് വിടപറയാൻ നാം പരിശ്രമിക്കുക.**




സമാധാനമടഞ്ഞ ആത്മാവേ, നീ നിന്റെ രക്ഷിതാവിങ്കലേക്ക് തൃപ്തിപ്പെട്ടുകൊണ്ടും തൃപ്തി ലഭിച്ചു കൊണ്ടും മടങ്ങിക്കൊള്ളുക. എന്നിട്ട് എന്റെ അടിയാൻമാരുടെ കൂട്ടത്തിൽ പ്രവേശിച്ചു കൊള്ളുക. എന്റെ സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുക" (ക്വുർആൻ 89:27-30).

സത്യവിശ്വാസികൾക്ക് നല്ല സന്തോഷത്തോടുകൂടിയുള്ള മരണമാണെങ്കിൽ സത്യനിഷേധികൾക്ക് മരണം ഭീകരമായിരിക്കും:

"ആ അക്രമികൾ മരണവെപ്രാളത്തിലായിരിക്കുന്ന രംഗം നീ കണ്ടിരുന്നുവെങ്കിൽ! നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ പുറത്തിറക്കുവിൻ എന്ന് പറഞ്ഞുകൊണ്ട് മലക്കുകൾ അവരുടെനേരെ തങ്ങളുടെ കൈകൾ നീട്ടികൊണ്ടിരിക്കുകയാണ്. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ സത്യമല്ലാത്തത് പറഞ്ഞുകൊണ്ടിരുന്നതിന്റെയും, അവന്റെ ദൃഷ്ടാന്തങ്ങളെ നിങ്ങൾ അഹങ്കരിച്ച് തള്ളിക്കളഞ്ഞിരുന്നതിന്റെയും ഫലമായി ഇന്ന് നിങ്ങൾക്ക് ഹീനമായ ശിക്ഷ നൽകപ്പെടുന്നതാണ് (എന്ന് മലക്കുകൾ പറയും)"(ക്വുർആൻ 6:93).

"അപ്പോൾ മലക്കുകൾ അവരുടെ മുഖത്തും പിൻഭാഗത്തും അടിച്ചുകൊണ്ട് അവരെ മരിപ്പിക്കുന്ന സന്ദർഭത്തിൽ എന്തായിരിക്കും അവരുടെ സ്ഥിതി!" (ക്വുർആൻ 47:27).

നല്ല മരണമാണ് നാം ആഗ്രഹിക്കുന്നതെങ്കിൽ അതിനുവേണ്ടി നാം നമ്മുടെ ജീവിതം ക്രമീകരിക്കൽ അനിവാര്യമാണ്. മരണസമയത്തെ ഖേദപ്രകടനം കൊണ്ട് കാര്യമില്ല.

"നിങ്ങളിൽ ഓരോരുത്തർക്കും മരണം വരുന്നതിനു മുമ്പായി നിങ്ങൾക്ക് നാം നൽകിയതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുകയും ചെയ്യുക. അന്നേരത്ത് അവൻ ഇപ്രകാരം പറഞ്ഞേക്കും: എന്റെ രക്ഷിതാവേ, അടുത്ത ഒരു അവധിവരെ നീ എനിക്ക് എന്താണ് നീട്ടിത്തരാത്തത്? എങ്കിൽ ഞാൻ ദാനം നൽകുകയും സജ്ജനങ്ങളുടെ കൂട്ടത്തിലാവുകയും ചെയ്യുന്നതാണ്? ഒരാൾക്കും അയാളുടെ അവധി വന്നെത്തിയാൽ അല്ലാഹു നീട്ടികൊടുക്കുകയേ ഇല്ല. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു" (ക്വുർആൻ 63:10,11).

മരണവേളയിലെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുകയില്ല: "പശ്ചാത്താപം എന്നത് തെറ്റുകൾ ചെയ്തുകൊണ്ടിരിക്കുകയും എന്നിട്ട് മരണം ആസന്നമാകുമ്പോൾ ഞാനിതാ പശ്ചാത്തപിച്ചിരിക്കുന്നു എന്ന് പറയുകയും ചെയ്യുന്നവർക്കുള്ളതല്ല. സത്യനിഷേധികളായിക്കൊണ്ട് മരണമടയുന്നവർക്കുമുള്ളതല്ല. അങ്ങനെയുള്ളവർക്ക് വേദനയേറിയ ശിക്ഷയാണ് നാം ഒരുക്കിവച്ചിട്ടുള്ളത്" (ക്വുർആൻ 4:18).

"അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ അവൻ പറയും: എന്റെ രക്ഷിതാവേ, എന്നെ (ജീവിതത്തിലേക്ക്) തിരിച്ചയക്കേണമേ. ഞാൻ ഉപേക്ഷവരുത്തിയിട്ടുള്ള കാര്യത്തിൽ എനിക്ക് നല്ലനിലയിൽ പ്രവർത്തിക്കുവാൻ കഴിയത്തക്കവിധം. ഒരിക്കലുമില്ല! അതൊരു വെറും വാക്കാണ്. അതവൻ പറഞ്ഞുകൊണ്ടിരിക്കും. അവരുടെ പിന്നിൽ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസംവരെ ഒരു മറയുണ്ടായിരിക്കുന്നതാണ്" (ക്വുർആൻ 23:99,100).

അല്ലാഹു നമുക്ക് നൽകിയ സമ്പത്തും സമയവും ആരോഗ്യവും മറ്റെല്ലാ അനുഗ്രഹങ്ങളും അല്ലാഹുവിന്റെ മാർഗത്തിൽ ഉപയോഗപ്പെടുത്തി നല്ല മരണത്തെ പുൽകുവാൻ നാം തയ്യാറായി നിൽക്കുക. മരണം എപ്പോഴാണെന്നോ എവിടെവച്ചാണെന്നോ നമുക്കാർക്കുമറിയില്ല.

"നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽവച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല" (ക്വുർആൻ 31:34).

എവിടെവച്ച് മരിക്കുകയാണെങ്കിലും, എത് നാട്ടിൽവച്ച് മരിക്കുകയാണെങ്കിലും യഥാർഥ സത്യവിശ്വാസികളായി, നെറ്റിയിൽ വിയർപ്പുകണങ്ങളുമായി ഈ ലോകത്തോട് വിടപറയാൻ നാം പരിശ്രമിക്കുക. അല്ലാഹു നമുക്ക് സൽമരണം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

പി.ഒ ഉമർ ഫാറൂഖ്, തിരൂരങ്ങാടി
mail@nerpatham.com



# വിദ്യാഭ്യാസനയത്തിലെ ഒളിയജണ്ടകൾ

**രാഷ്ട്രവികസനത്തിന്റെ നെടുംതൂണായ വിദ്യാഭ്യാസരംഗം സുശക്തമാക്കുന്നതിനും ജാതിമത ഭേദമന്യെ ഇന്ത്യയിലെ ഓരോ പൗരനും അതിന്റെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ വിദ്യാഭ്യാസനയങ്ങൾ രൂപീകരിക്കപ്പെട്ടത്. എന്നാൽ മുൻ പ്രധാനമന്ത്രിമാരായിരുന്ന ഇന്ദിരാഗാന്ധിയും രാജീവ് ഗാന്ധിയും മുന്നോട്ടുവെച്ച വിദ്യാഭ്യാസ നയങ്ങളിൽ പലതിന്റെയും കടയ്ക്കൽ കത്തി വെച്ചുകൊണ്ടാണ് മോഡി സർക്കാർ പുതിയ കരട് അവതരിപ്പിച്ചിട്ടുള്ളത്. എന്താണ് ഈ നയവ്യതിയാനം കൊണ്ട് കേന്ദ്രം ലക്ഷ്യമിടുന്നത്?**

രാഷ്ട്രവികസനത്തിന്റെ നെടുംതൂണായ വിദ്യാഭ്യാസരംഗം സുശക്തമാക്കുന്നതിനും ജാതിമത ഭേദമന്യെ ഇന്ത്യയിലെ ഓരോ പൗരനും അതിന്റെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ വിദ്യാഭ്യാസനയങ്ങൾ രൂപീകരിക്കപ്പെട്ടത്. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് ഭരണഘടനയുടെ ആർട്ടിക്കിൾ 15 നിഷ്കർശിക്കുന്ന വിധത്തിലുള്ള ശുപാർശകൾ നടപ്പിലാക്കുന്നതും വിദ്യാഭ്യാസനയങ്ങളുടെ ഭാഗമായാണ്. ഇന്ത്യയുടെ ആദ്യത്തെ വിദ്യാഭ്യാസനയം 1968ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാ ഗാന്ധിയും, രണ്ടാമത്തെത് 1986ൽ പ്രധാനമന്ത്രി രാജീവ് ഗാന്ധിയും പ്രഖ്യാപിച്ചു.

ഇന്ത്യയുടെ ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ജനാധിപത്യം, മതേതരത്വം, സോഷ്യലിസം, അവസരസമത്വം തുടങ്ങിയ മൂല്യങ്ങളിലധിഷ്ഠിതമായ വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്‌കരിക്കുന്നതിലും ഈ വിദ്യാഭ്യാസ നയങ്ങൾ ഏറെ പങ്കുവഹിച്ചിട്ടുണ്ട്. 2017ൽ നരേന്ദ്രമോദി ഭരിക്കുന്ന ബി.ജെ.പി സർക്കാർ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിനുള്ള കരട് തയ്യാറാക്കാൻ കെ. കസ്തൂരി രംഗന്റെ നേതൃത്വത്തിൽ ഒരു പുതിയ കമ്മിറ്റി രൂപവത്കരിക്കുകയും അതിന്റെ തുടർച്ചയായി രണ്ടാം മോദി സർക്കാർ 2020ൽ ഇന്ത്യയുടെ മൂന്നാമത്തെ വിദ്യാഭ്യാസനയം അവതരിപ്പിച്ച് അംഗീകരിക്കുകയും ചെയ്തു.

സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ മതനിരപേക്ഷതയെന്ന ആശയത്തെപൂർണമായും അവഗണിച്ച ആദ്യത്തെ വിദ്യാഭ്യാസ നയരേഖയാണിത്. മതനിരപേക്ഷത എന്ന പദം നയത്തിലോ അതിന്റെ കരടിലോ കാണാനാവുന്നില്ല എന്നത് മതേതരമനസ്സുകളിൽ വലിയ ആശങ്കയാണുണ്ടാക്കിയിരിക്കുന്നത്. ഭരണഘടനാമൂല്യങ്ങളായി പരിസര ശുചിത്വമുൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയ നയരേഖയിൽ ഇന്ത്യയുടെ ആത്മാവായി നാം ഇതുവരെ പരിഗണിച്ചുവന്ന മതനിരപേക്ഷത എന്ന പദം ബോധപൂർവം ഒഴിവാക്കിയത് സംഘ്പരിവാർ രാഷ്ട്രീയത്തിന്റെ ഒളിയജണ്ടയുടെ ഭാഗമാണ്. ഭരണഘടനയുടെ ആമുഖത്തിൽ രേഖപ്പെടുത്തിയ ജനാധിപത്യ ഇന്ത്യയുടെ അടിത്തറയെയാണ് ഇതിലൂടെ വെട്ടിമാറ്റിയിരിക്കുന്നത്. ജനാധിപത്യം അർഥപൂർണമാകുന്നത് മതനിരപേക്ഷതയിലൂടെയാണ്. ഇന്ത്യ ജനാധിപത്യ രാജ്യമായി നിലനിൽക്കുന്നത് അതിന്റെ മതനിരപേക്ഷ ഉള്ളടക്കത്താലാണ്. മതനിരപേക്ഷമല്ലാത്ത ഒരുരാജ്യത്തിന് ജനാധിപത്യ രാജ്യമായി നിലനിൽക്കാനാവില്ല.

മതനിരപേക്ഷതയെപ്പോലെത്തന്നെ, ഫെഡറലിസം, സംവരണം തുടങ്ങിയവ നയത്തിൽ കാണാനേയില്ല. തീവ്രദേശീയത, വർഗീയത, യാഥാസ്ഥിതികത തുടങ്ങിയവ സിലബസിൽ കടത്തിവിട്ട് തങ്ങളുടെ അജണ്ട നടപ്പാക്കുകയാണ് ഈ നയത്തിലൂടെ സംഘ്പരിവാർ ലക്ഷ്യമിടുന്നത്. രാജ്യത്തെ വിദ്യാഭ്യാസമേഖലയിൽ ഗുരുതരപ്രത്യാഘാതങ്ങളുണ്ടാക്കുന്ന അപകടകരമായ നിർദേശങ്ങൾ നിറഞ്ഞതാണ് കേന്ദ്രമന്ത്രിസഭ അംഗീകരിച്ച ഈ പുതിയ ദേശീയ വിദ്യാഭ്യാസനയം എന്ന് പറയാതിരിക്കാൻ വയ്യ.

'പൗരാണികവും കാലാതിവർത്തിയുമായ ഭാരതീയ വിജ്ഞാനത്തിന്റെയും ദർശനങ്ങളുടെയും സമ്പന്നമായ പൈതൃകമാണ് ഈ വിദ്യാഭ്യാസ നയത്തിന്റെ വഴികാട്ടി' എന്നും 'ജ്ഞാനം, പ്രജ്ഞ, സത്യം എന്നിവയാണ് ഇന്ത്യൻ വിദ്യാഭ്യാസചിന്തയെ നയിക്കുന്നത്' എന്നും നയരേഖ അതിന്റെ ആമുഖത്തിൽ പറഞ്ഞുവെക്കുന്നുണ്ട്.(1) പുരാതനവും സനാതനവുമായ ഇന്ത്യൻ പൈതൃകത്തെ വർണിച്ചുകൊണ്ട് ആത്മസാക്ഷാത്കാരത്തിന്റെ വൈദികവും വർണാശ്രമവ്യവസ്ഥയിലധിഷ്ഠിതവുമായ ഗുരുകുല വിദ്യാഭ്യാസത്തെ തിരിച്ചുകൊണ്ടുവന്ന് ഇന്ത്യൻ വിദ്യാഭ്യാസത്തെ ഹൈന്ദവവത്കരിക്കുക എന്ന ഗൂഢലക്ഷ്യം നയരേഖവെച്ചുപുലർത്തുന്നതായി കാണാം. ബഹുഭൂരിപക്ഷം വരുന്ന കീഴാള ജനങ്ങൾക്കും സ്ത്രീകൾക്കും പ്രാപ്യമല്ലാത്ത വിദ്യാഭ്യാസ സമ്പ്രദായമായിരുന്നു ഇത് എന്നതിന് ചരിത്രം സാക്ഷിയാണ്.

പൗരാണിക ഭാരതീയ ചരിത്രത്തിന്റെ പരസ്പരവിരുദ്ധമായ രണ്ടു മുഖങ്ങളെ സംയോജിപ്പിക്കാനുള്ള ശ്രമമാണ് നയരേഖ അതിന്റെ ആമുഖത്തിലൂടെ ലക്ഷ്യംവെക്കുന്നത്. ബ്രാഹ്മണേതര വിഭാഗങ്ങളെ വിദ്യാഭ്യാസത്തിന്റെ ഏഴയലത്തുപോലും നിർത്താൻ കൂട്ടാക്കാതിരുന്ന വൈദികവിദ്യാഭ്യാസവും, ജാതിയുടെ ശ്രേണീസ്വഭാവത്തെ നിരാകരിക്കുകയും സംഘങ്ങളിലൂടെയും വിഹാരങ്ങളിലൂടെയും പടർന്നു പന്തലിച്ച ജനാധിപത്യപരവും സാർവത്രികവുമായ ജനകീയവിദ്യാഭ്യാസവുമാണ് ഇന്ത്യൻ വിദ്യാഭ്യാസ ചരിത്രത്തിന്റെ പരസ്പരവിരുദ്ധമായ ആ രണ്ടു മുഖങ്ങൾ.

> **മതനിരപേക്ഷതയെന്ന ആശയത്തെപൂർണമായും അവഗണിച്ച ആദ്യത്തെ വിദ്യാഭ്യാസ നയരേഖയാണ് സർക്കാർ പുറത്തിറക്കിയിരിക്കുന്നത്. മതനിരപേക്ഷത എന്ന പദം നയത്തിലോ അതിന്റെ കരടിലോ കാണാനാവുന്നില്ല എന്നത് മതേതരമനസ്സുകളിൽ വലിയ ആശങ്കയാണുണ്ടാക്കിയിരിക്കുന്നത്. ഭരണഘടനാമൂല്യങ്ങളായി പരിസര ശുചിത്വമുൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയ നയരേഖയിൽ ഇന്ത്യയുടെ ആത്മാവായി നാം ഇതുവരെ പരിഗണിച്ചുവന്ന മതനിരപേക്ഷത എന്ന പദം ബോധപൂർവം ഒഴിവാക്കിയത് ഒളിയജണ്ടയുടെ ഭാഗമാണ്.**



പുരാതന ഇന്ത്യൻ സംസ്കാരത്തിനും വിദ്യാഭ്യാസത്തിനും തുല്യതയില്ലാത്ത സംഭാവന നൽകിയ മാനവികവും ജാതിരഹിതവും സാർവത്രികവുമായ ബുദ്ധ, ജൈന വിദ്യാഭ്യാസം, 'ശൂദ്രമക്ഷര സംയുക്തം ദൂരതഃപരിവർജയേൽ' (ശൂദ്രൻ അക്ഷരം പഠിച്ചാൽ അവനെ പൂർണമായും ബഹിഷ്കരിക്കണം) എന്ന മനുസ്മൃതിവാക്യം സൂചിപ്പിക്കുന്നതുപോലെ ബ്രാഹ്മണരല്ലാത്ത ജാതികളെ വിദ്യാഭ്യാസപ്രക്രിയക്കു പുറത്തുനിർത്തിയ ബ്രാഹ്മണിക് വിദ്യാഭ്യാസം. ഇങ്ങനെയുള്ള, ഭാരതത്തിന്റെ വ്യത്യസ്തങ്ങളായ രണ്ടു വിദ്യാഭ്യാസ ചരിത്രങ്ങളെ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി വിലയിരുത്തുന്ന ചരിത്രവായന വസ്തുതകൾക്കു നിരക്കാത്തതും ഗൂഢലക്ഷ്യങ്ങളുൾക്കൊള്ളുന്നതുമാണ്. വ്യത്യസ്തങ്ങളായ ഈ ചരിത്രങ്ങളുടെ ഏകീകരണത്തിലൂടെ വർണാശ്രമവ്യവസ്ഥയിലധിഷ്ഠിതമായ ഒരു വിദ്യാഭ്യാസ വ്യവസ്ഥയെ പുനഃസ്ഥാപിക്കാനുള്ള ഒളിയജണ്ടയാണ് നയരേഖയുടെ ആമുഖത്തിൽ നമുക്ക് കാണാൻ കഴിയുന്നത്.

ചരിത്രത്തിന്റെ ഈ ഏകീകരണത്തിലൂടെ മുന്നോട്ടുവെക്കുന്ന ഭാരതകേന്ദ്രീകൃത വിദ്യാഭ്യാസത്തിന്റെ അസ്ഥിവാരത്തിലാണ് വിദ്യാഭ്യാസ നയംരൂപപ്പെടുത്തിയിരിക്കുന്നത്. ഭാരതകേന്ദ്രീകൃത വിദ്യാഭ്യാസത്തെക്കുറിച്ച് ഊറ്റംകൊള്ളുന്ന നയരേഖ പൗരാണിക ഭാരതചരിത്രത്തെ മാത്രമാണ് വിശകലനവിധേയമാക്കുന്നത്. പൗരാണിക കാലഘട്ടത്തിനും ഇരുപത്തി ഒന്നാം നൂറ്റാണ്ടിനുമിടയ്ക്കുള്ള ദീർഘകാല ചരിത്രത്തെ നയരേഖ സൗകര്യപൂർവം അവഗണിക്കുന്നു. മധ്യകാല ഇന്ത്യയുടെയും നവോത്ഥാന കാലഘട്ടത്തിന്റെയും സ്വാതന്ത്ര്യസമരം ഉൾപ്പെടെയുള്ള ആധുനിക കാലഘട്ടത്തിന്റെയും ഐതിഹാസികമായ ആ സമരത്തിനു നേതൃത്വം നൽകിയ രാഷ്ട്ര ശിൽപികളുടെയും ചരിത്രവും സംഭാവനകളും നയരേഖ കാണാതെ പോയത് യാദൃച്ഛികമല്ല.

മുസ്‌ലിം ഭരണാധികാരികൾ രാജ്യം ഭരിച്ചിരുന്ന മധ്യകാലം പ്രാദേശിക ഭാഷകളുടെ വളർച്ചക്കും കലാസാംസ്കാരിക രംഗത്തും ശാസ്ത്ര സാങ്കേതിക രംഗത്തും ഉണ്ടായ പുതുവികാസങ്ങൾക്കും സാക്ഷ്യം വഹിച്ച കാലഘട്ടമാണ്. ഹിന്ദുസ്ഥാനി സംഗീതം, കർണാടിക് സംഗീതം തുടങ്ങിയവ ഈ കാലഘട്ടത്തിന്റെ സംഭാവനയായിരുന്നു. ബ്രാഹ്മണാധിപത്യത്തിനെതിരെ ഭക്തിപ്രസ്ഥാനങ്ങൾ ഉയർന്നുവന്നത് ഈ കാലഘട്ടത്തിലായിരുന്നു. കബീർ, തുളസീദാസ്, രാമനുജൻ, രാമാനന്ദ, നാനാക്ക് എന്നീ ഭക്തിപ്രസ്ഥാന നായകരും ഈകാലത്തിന്റെ സൃഷ്ടിയായിരുന്നു. മുസ്‌ലിം ഭരണാധികാരികൾ ജാതിവ്യവസ്ഥയ്ക്ക് പിന്തുണയോ പ്രോത്സാഹനമോ നൽകിയിരുന്നില്ല എന്നതിനാൽ ആകാലഘട്ടത്തിൽ വർണ, ജാതി വ്യവസ്ഥക്ക് കാര്യമായ പോറലുകൾ ഏൽക്കുകയുണ്ടായി. ഇതാണ് ബ്രാഹ്മണ മേധാവിത്വത്തിനെതിരെ മേൽപ്പറഞ്ഞ പ്രസ്ഥാനങ്ങൾ ഉയർന്നുവരാൻ കാരണമായത്. ഇന്ത്യയിലെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള സാംസ്കാരിക സമന്വയത്തിന് കാരണമാകുകയും ബ്രാഹ്മണമേധാവിത്വത്തിന് തകർച്ച നേരിടുകയും ചെയ്ത മധ്യകാല ഇന്ത്യയെ മുസ്‌ലിം കാലഘട്ടം എന്ന പേരിൽ മാറ്റി നിർത്തിയുള്ള ചരിത്രത്തിന്റെ അപനിർമിതി നയരേഖയിൽ വ്യക്തമാണ്. വികലമായ ചരിത്രാഖ്യാനത്തിലൂടെ സാമൂഹിക സൗഹാർദത്തിന്റെയും പുരോഗതിയുടെയും നന്മകൾ നിറഞ്ഞ ഭൂതകാലത്തെ തമസ്കരിക്കാനുള്ള സംഘ്പരിവാറിന്റെ ഗൂഢ അജണ്ടയുടെ ഭാഗമാണത്.

ആധുനിക ഇന്ത്യയിൽ നടന്ന വിദ്യാഭ്യാസ നവോത്ഥാന സംരംഭങ്ങളെയും ചരിത്രപരമായ കാരണങ്ങളാൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ വിദ്യാഭ്യാസപുരോഗതിക്കായി നവോത്ഥാന നായകർ നടത്തിയ അശ്രാന്ത പരിശ്രമങ്ങളെയും നയരേഖയിൽ പരാമർശിക്കുന്നില്ല. ജനാധിപത്യ, മതേതര, ശാസ്ത്രീയ വിദ്യാഭ്യാസത്തിനായി പരിശ്രമിച്ച രാജാറാം മോഹൻ റോയ്, ഹരിജനോദ്ധാരണ സംരംഭങ്ങളിൽ

ഗാന്ധിജിയുടെ വലംകൈയായി പ്രവർത്തിക്കുകയും 1918ൽ ബോംബേ ലെജിസ്ളേറ്റിവ് കൗൺസിലിൽ നിർബന്ധ വിദ്യാഭ്യാസബിൽ അവതരിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിക്കുകയും ചെയ്ത തക്കർ ബാപ്പാ, ഇന്ത്യൻ സ്വാതന്ത്ര്യസമരവും സ്വതന്ത്ര ഇന്ത്യയും ഉയർത്തിപ്പിടിച്ച, ശാസ്ത്രീയ മതേതര ജനാധിപത്യ വിദ്യാഭ്യാസം എന്ന തത്ത്വം ആദ്യമായി അവതരിപ്പിച്ച സംസ്കൃത പണ്ഡിതൻ ഈശ്വര ചന്ദ്ര വിദ്യാസാഗർ, വിധവാവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനും സ്ത്രീകളുടെയും പിന്നാക്ക ജാതികളുടെയും വിദ്യാഭ്യാസ പുരോഗതിക്കു വേണ്ടിയും ജീവിതം ഉഴിഞ്ഞുവെച്ച മഹർഷി ഡി. കെ.കാർവെ, ഇന്ത്യയിൽ നിലനിന്നിരുന്ന വിദ്യാഭ്യാസരീതിയുടെ പരിഷ്കരണത്തിനായി പ്രവർത്തിക്കുകയും അതിനായി സെർവന്റ്സ് ഓഫ് ഇന്ത്യാ സൊസൈറ്റി എന്ന സംഘടനയ്ക്കു രൂപംകൊടുക്കുകയും ചെയ്ത ഗോപാലകൃഷ്ണ ഗോഖലെ, ബഹുജൻ വിഭാഗങ്ങൾ, ശൂദ്രർ എന്നിവർക്ക് നേരെയുള്ള ബ്രാഹ്മണ വിഭാഗത്തിന്റെ വിവേചനത്തെയും ചൂഷണത്തേയും തടയുന്നതിനും അവർക്ക് ഉയർന്ന വിദ്യാഭ്യാസം നൽകുന്നതിനും പ്രയത്നിച്ച ജ്യോതിറാവു ഫൂലെ, എന്നിങ്ങനെ നീളുന്ന നവോത്ഥാന നായകരെയൊന്നും തന്നെ നയരേഖ പരാമർശിക്കുന്നില്ല. ഭാരതീയ വിദ്യാഭ്യാസത്തെ ആധുനികവും പാശ്ചാത്യവുമായ വിദ്യാഭ്യാസരീതികളുമായി സമന്വയിപ്പിക്കാൻ ശ്രമിച്ച സ്വാമി വിവേകാനന്ദൻ, മഹാത്മാഗാന്ധി, രവീന്ദ്രനാഥ ടാഗോർ തുടങ്ങിയ ദാർശനികരുടെ ചിന്തകളെക്കുറിച്ചും നയരേഖ മൗനം പാലിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. വർണാശ്രമവ്യവസ്ഥയെ നിരാകരിക്കുകയും മതേതരവിദ്യാഭ്യാസത്തിനു വേണ്ടി നിലകൊള്ളുകയും ചെയ്ത മഹാന്മാരെയെല്ലാം അവഗണിക്കുകയാണ് നയരേഖ ചെയ്തിട്ടുള്ളത്.



ഇന്ത്യയുടെ തകർച്ചക്കു കാരണം ദശലക്ഷങ്ങൾ മതത്തിന്റെ പേരിൽ അടിച്ചമർത്തപ്പെട്ടതും ഒരു പ്രത്യേകവിഭാഗം മാത്രം വിദ്യാഭ്യാസം കുത്തകയാക്കി വെച്ചതുമാണെന്നു നിരീക്ഷിച്ച സ്വാമി വിവേകാനന്ദൻ വേദങ്ങളിൽ സ്ഥാപിക്കപ്പെട്ടിരുന്ന ജാതിവ്യവസ്ഥയെ നിരാകരിക്കുകയും ഭഗവദ്ഗീതയെ അപ്പാടെ സ്വീകരിക്കുക വയ്യ എന്ന നിലപാട് കൈക്കൊള്ളുകയും ചെയ്തിരുന്നു. സ്വാതന്ത്ര്യസമര കാലത്തുതന്നെ പെസ്റ്റലോസി, ഫ്രോബൽ, റൂസ്സോ, മറിയ മോണ്ടിസ്സോറി, ജോൺ ഡ്യൂയി എന്നിങ്ങനെ പാശ്ചാത്യവിദ്യാഭ്യാ സമണ്ഡലത്തിലെ ചിന്തകരുടെയും പ്രയോക്താക്കളുടെയും ആദർശങ്ങളുടെ സാരാംശം ഉൾക്കൊണ്ട് മതേതരവും ജാതിരഹിതവുമായ അടിസ്ഥാനവിദ്യാഭ്യാസ പദ്ധതിയാണ് ഗാന്ധിജി മുന്നോട്ടു വെച്ചത്. ഓറിയന്റൽ വിദ്യാഭ്യാസ ചിന്തകളിൽനിന്നും ആവേശമുൾക്കൊണ്ട് ശാന്തിനികേതൻ സ്ഥാപിച്ച രവീന്ദ്രനാഥ ടാഗോർ ഇന്ത്യക്കാരിലെ അസാധാരണമായ ജാതിബോധത്തെയും തൊട്ടുകൂടായ്മയെയും അതിശക്തമായി എതിർത്തിരുന്നു. അതിനെതിരായി പ്രഭാഷണ പരമ്പരകളും ദളിതർ മുഖ്യകഥാപാത്രങ്ങളാകുന്ന നാടകങ്ങളും കവിതകളും അദ്ദേഹം രചിക്കുകയുണ്ടായി.

പൗരാണിക വിദ്യാഭ്യാസം ജാതിവ്യവസ്ഥ നിലനിർത്താൻ ശ്രമിക്കുന്നതും അന്ധവിശ്വാസം, ഭയം, ഏകാധിപത്യപ്രവണത തുടങ്ങിയവ സൃഷ്ടിക്കുന്നതുമാണെന്നും, മധ്യകാലം ആധുനിക കാലഘട്ടത്തിൽ നമ്മുടെ രാജ്യം കൈവരിച്ച വിദ്യാഭ്യാസ പുരോഗതിയിൽനിന്നും നമ്മെ പുറകോട്ടുനയിക്കുന്നതാണെന്നും, മുകളിൽ പരാമർശിക്കപ്പെട്ടവരുൾപ്പെടെയുള്ള പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിലെ സ്വാതന്ത്ര്യ സമരനായകരും നവോത്ഥാനചിന്തകരുമെല്ലാം മനസ്സിലാ

> **പുരാതന ഇന്ത്യയുടെ അഭിമാനകരമായ വിജ്ഞാന പാരമ്പര്യത്തോട് ബഹുമാനവും ആദരവും നിലനിർത്തിക്കൊണ്ടുതന്നെ രാജ്യാതിർത്തികൾക്ക് അതീതമായി മതേതരവും ശാസ്ത്രീയവും ജനാധിപത്യപരവുമായ ആധുനിക വിദ്യാഭ്യാസത്തിലേക്കാണ് നാം നയിക്കപ്പെടേണ്ടത്. അത്തരമൊരു സമീപനത്തിനു മാത്രമെ രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കാനാവൂ. എന്നാൽ ആ കാഴ്ചപ്പാടിനു പകരം പൗരാണികർ വൻനേട്ടങ്ങളായി പരിഗണിച്ചതും ഇപ്പോൾ അത്രതന്നെ പ്രസക്തിയില്ലാത്തതുമായ പൗരാണിക വിജ്ഞാനങ്ങളെ തീവ്രദേശീയത വളർത്താനും വർഗീയത പരിപോഷിപ്പിക്കാനും വേണ്ടി ഉപയോഗപ്പെടുത്തുക എന്ന കുടില തന്ത്രമാണ് നയരേഖ ഇവിടെ പയറ്റുന്നത്.**

ക്കിയിരുന്നു. പൗരാണികതയെക്കുറിച്ചുള്ള അവരുടെ ഇത്തരം സമീപനങ്ങൾ തന്നെയാണ് വിദ്യാഭ്യാസ നയരേഖയിൽനിന്ന് അവരെല്ലാം തിരസ്കരിക്കപ്പെട്ടതിനു കാരണമായതെന്ന് നമുക്ക് ഉറച്ചുവിശ്വസിക്കാം. സ്വാതന്ത്ര്യ സമരത്തെക്കുറിച്ചോ അക്കാലത്ത് നടന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചോ അവയ്ക്കു നേതൃത്വം നൽകിയ വിദ്യാഭ്യാസവിചക്ഷണരെക്കുറിച്ചോ പരാമർശമില്ലാതെ പുരാതനകാല മഹിമകൾ പെരുപ്പിച്ചു കാണിച്ച് ചാതുർവർണ്യത്തിന്റെ ഇരുണ്ടകാലത്തേക്ക് നമ്മുടെ രാജ്യത്തെ തിരിച്ചുനടത്താനാണ് വിദ്യാഭ്യാസനയം ശ്രമിക്കുന്നത്.

തക്ഷശില, നളന്ദ, വിക്രമശില, വളഭി തുടങ്ങിയ പൗരാണിക സർവകലാശാലകളെ നയരേഖ ഭാരതകേന്ദ്രീകൃത വിദ്യാഭ്യാസത്തിന്റെ മാതൃകകളായി അവതരിപ്പിക്കുന്നുണ്ട്.[2] എന്നാൽ ഇവയൊന്നും കീഴാളന് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന വൈദികകാലത്തിന്റെ സംഭാവനകളായിരുന്നില്ല. മറിച്ച് വേദങ്ങളെ നിരാകരിക്കുകയും വർണാശ്രമവ്യവസ്ഥയെ നഖനിഖാന്തം എതിർത്ത് വിദ്യാഭ്യാസം സാർവത്രികമാക്കുകയും ചെയ്ത ബൗദ്ധസംസ്കാരത്തിന്റെ പ്രതീകങ്ങളാണ്. ഈ രണ്ടു ചരിത്രങ്ങളുടെയും ഏകീകരണത്തിലൂടെ ഭാരതത്തിന് മഹത്തായ സംഭാവനകൾ നൽകിയ ബൗദ്ധകാല വിദ്യാഭ്യാസത്തെ ബ്രാഹ്മണിക് വിദ്യാഭ്യാസത്തിന്റെ ഭാഗമായി അവതരിപ്പിക്കാനുള്ള ശ്രമമാണ് നയരേഖനടത്തുന്നത്.

ഇന്ത്യയുടെ പൗരാണിക വൈജ്ഞാനിക പാരമ്പര്യത്തെ ധന്യമാക്കിയ ചരകൻ, സുശ്രുതൻ തുടങ്ങി തിരുവള്ളുവർവരെയുള്ള ഒട്ടനേകം പണ്ഡിതരെ എടുത്തുകാണിക്കുന്ന നയരേഖ ഗണിതം, ഗോളശാസ്ത്രം, ലോഹസംസ്കരണശാസ്ത്രം, കപ്പൽ നിർമാണം, നാവിഗേഷൻ തുടങ്ങിയ ഒട്ടേറെ മേഖലകളിൽ പുരാതന ഇന്ത്യനേടിയ പുരോഗതിയെക്കുറിച്ചും അഭിമാനം കൊള്ളുന്നുണ്ട്.[3] എന്നാൽ ഇന്ത്യ ജന്മംനൽകിയ എക്കാലത്തെയും മുൻനിര ശാസ്ത്രജ്ഞരായ സി.വി.രാമൻ, മേഘനാഥ് സാഹ, ജഗദീഷ് ചന്ദ്രബോസ്, എസ്.എൻ.ബോസ്, പി.സി.റോയ് തുടങ്ങിയ, ആധുനികശാസ്ത്രത്തിനും മനുഷ്യവിജ്ഞാനത്തിനും അതുല്യമായ സംഭാവനകൾ നൽകിയ നിരവധിയാളുകളുടെ പേരുകൾ അവഗണിച്ചത് നയരേഖ മുന്നോട്ടു വെക്കുന്ന രാഷ്ട്രീയലക്ഷ്യം തുറന്നു കാണിക്കുന്നു.

ബ്രാഹ്മണിക് വിദ്യാഭ്യാസത്തിന്റെ നേട്ടമായി നയരേഖ ഒളിച്ചുകടത്താൻ ശ്രമിക്കുന്ന ജൈന, ബൗദ്ധ കാലത്തെ വൈജ്ഞാനിക പുരോഗതിയും കണ്ടുപിടുത്തങ്ങളുമെല്ലാം അക്കാലത്തെ വമ്പിച്ച നേട്ടങ്ങൾ തന്നെയായിരുന്നു എന്നതിൽ സംശയമില്ല. അത്തരം കണ്ടുപിടുത്തങ്ങളിൽനിന്നും ശാസ്ത്രം ഇന്ന് ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ട്. എന്നാൽ ഈ പൗരാണിക വിജ്ഞാനങ്ങളെല്ലാം ഇന്നും പ്രസക്തമാണെന്നും അവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ആ മേഖലകളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കണമെന്നും പ്രഖ്യാപിക്കുന്നതിലെ സാംഗത്യം എന്താണ്? പൗരാണികമായ ഏകാത്മക ബഹുവിഷയ വിദ്യാദ്യാസത്തെ മുൻനിർത്തി ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ നാലാം വ്യവസായിക വിപ്ലവത്തിലേക്ക് ഇന്ത്യയെ നയിക്കുന്ന വിദ്യാഭ്യാസമാണ് നയരേഖലക്ഷ്യമിടുന്നത്[4] എന്ന് അവകാശപ്പെടുന്നത് നയരേഖയുടെ യാഥാർഥ്യബോധമില്ലായ്മയെയും അത് സൃഷ്ടിച്ചെടുക്കാൻ ശ്രമിക്കുന്ന മിഥ്യാഭിമാനത്തെയുമാണ് പ്രതിഫലിപ്പിക്കുന്നത്. പൗരാണികകാലത്ത് നിലനിന്നിരുന്ന പരിമിത ജ്ഞാനരൂപങ്ങളെയും സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ളവർ ആശ്രയിച്ചിരുന്ന വിദ്യാഭ്യാസ കേന്ദ്രങ്ങളെയും അടിസ്ഥാനമില്ലാത്ത ഐതിഹ്യങ്ങളെയും സാർവകാലികമാക്കി ആധുനിക ഇന്ത്യയുടെ സങ്കീർണ വിദ്യാഭ്യാസ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ ശ്രമിക്കുന്നത് ചരിത്രത്തോടു ചെയ്യുന്ന അനീതിയാണ്.

ഇന്ത്യൻ സംസ്കാരവും ദർശനങ്ങളും ലോകം മുഴുവനും ശക്തമായ സ്വാധീനം ചെലുത്തിയിരുന്നുവെന്നും, ലോകനാഗരികതക്ക് മികച്ച സംഭാവന നൽകിയ സമ്പന്നമായ ഈ പൈതൃകം പരിപോഷിപ്പിക്കുമെന്നും ഭാവിതലമുറക്കായി സംരക്ഷിക്കുമെന്നും അവ ഗവേഷണത്തിനു വിധേയമാക്കുന്നതോടൊപ്പം അവയെ വളർത്തിക്കൊണ്ടുവരുമെന്നും നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥയിലൂടെ അവ പ്രയോഗതലത്തിലേക്കു കൊണ്ടുവരുമെന്നും പ്രഖ്യാപിക്കുന്ന നയരേഖ ആധുനിക ശാസ്ത്രീയ വിദ്യാഭ്യാസത്തെ സമ്പൂർണമായി തമസ്കരിക്കുമ്പോൾ ഒട്ടേറെ ആശങ്കകളാണ് അത് ഉയർത്തുന്നത്.[5]

പുരാതന ഇന്ത്യയുടെ അഭിമാനകരമായ വിജ്ഞാന പാരമ്പര്യത്തോട് ബഹുമാനവും ആദരവും നിലനിർത്തിക്കൊണ്ടുതന്നെ രാജ്യാതിർത്തികൾക്ക് അതീതമായി മതേതരവും ശാസ്ത്രീയവും ജനാധിപത്യപരവുമായ ആധുനിക വിദ്യാഭ്യാസത്തിലേക്കാണ് നാം നയിക്കപ്പെടേണ്ടത്. അത്തരമൊരു സമീപനത്തിനു മാത്രമെ രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കാനാവൂ. എന്നാൽ ആ കാഴ്ചപ്പാടിനു പകരം പൗരാണികർ വൻനേട്ടങ്ങളായി പരിഗണിച്ചതും ഇപ്പോൾ അത്രതന്നെ പ്രസക്തിയില്ലാത്തതുമായ പൗരാണിക വിജ്ഞാനങ്ങളെ തീവ്രദേശീയത വളർത്താനും വർഗീയത പരിപോഷിപ്പിക്കാനും വേണ്ടി ഉപയോഗപ്പെടുത്തുക എന്ന കുടില തന്ത്രമാണ് നയരേഖ ഇവിടെ പയറ്റുന്നത്.



**Ref:**


1. The rich heritage of ancient and eternal Indian knowledge and thought has been a guiding light for this Policy. The pursuit of knowledge (Jnan), wisdom (Pragyaa), andt ruth (Staya) was always considered in Indian thought and philosophy as the highest human goal. The aim of education in ancient India was not just the acquisition of knowledge as preparation for life in this world, or life beyond schooling, but for the complete realization and liberation of the self. (National Education Policy 2020 Page: 4 )

2. Worldclass institutions of ancient India such as Takshashila, Nalanda, Vikramshila, Vallabhi, set the highest standards of multidisciplinary teaching and research and hosted scholars and students from across backgrounds and coutnries. (Page: 4).

3. The Indian educations ystem produced great scholars such as Charaka, Ssuruta, Aryabhata, Varahamihira, Bhaskaracharya, Brahmagupta, Chanakya, Chakrapani Datta, Madhava, Panini, Patanjali, Nagarjuna, Gautama, Pingala, Sankardev, Matireyi, Gargi and Thiruva lluvar, among numerous others, who made seminal cotnributions to world knowledge in diverse fields such as mathematics, astronomy, metallurgy, medical science and surgery, civil engineering, architecture, shipbuilding and navigation, yoga, fine arts, chess, and more. (Page: 4).

4. A holistic and multidisciplinary education, as described so beautifully in India 's past, is indeed what is needed for the education of India to lead the coutnry into the 21st century and the fourth industrial revolution. (Page: 37).

5. Indian culture and philosophy have had a strong influence on the world. These rich legacies to world heritage must not only be nurtured and preserved for postertiy but also researched, enhanced, and put to new uses through our educations ystem. (Page: 4).




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- ശനിയാഴ്ച രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- വരിക്കാരെ പരിഗണിച്ച് ഇനി മുതൽ ഓരോ ലക്കവും മത്സരത്തിനായി രണ്ടാഴ്ച ഓൺലൈനിൽ ലഭ്യമാവും.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 191

**ഒന്നാം സമ്മാനം:**
Ibrahim Irfan, Perunguzhi, Chirayinkeezh, Thiruvananthapuram

**രണ്ടാം സമ്മാനം:**
Muhammed Bin Abdul Razak VP, Kadeeja manzil, Chokli, Kannur

**മൂന്നാം സമ്മാനം:**
Yaseen Shareef, Niramaruthur, Paravanna, Malappuram




## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 194 - ചോദ്യങ്ങൾ

1) കേന്ദ്ര സർക്കാറിന്റെ പുതിയ വിദ്യാഭ്യാസനയം തയ്യാറാക്കിയ പതിനൊന്നംഗ സമിതിയുടെ അധ്യക്ഷൻ?

(1) ഡോ. കസ്തൂരി രംഗൻ (2) മാധവ് ഗാഡ്ഗിൽ (3) ഇ. ശ്രീധരൻ

2) 'അല്ലാഹുവിന്റെ ദൂതരേ, മറ്റാരോടും ചോദിച്ചു പഠിക്കേണ്ടാത്തത്രയും (വ്യക്തവും സമ്പൂർണവുമായ) ഒരു വചനം എനിക്ക് പഠിപ്പിച്ചുതന്നാലും.' നബി(സ)യോട് ഇതു ചോദിച്ച സ്വഹാബി ആര്?

(1) അബൂഹുറയ്റ(റ) (2) സുഫ്‌യാനുബ്നു അബ്ദില്ല(റ) (3) സ്വഫ്‌വാൻ(റ)

3) "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്"

(1) ക്വുർആൻ 2:110 (2) ക്വുർആൻ 3:102 (3) ക്വുർആൻ 102:3

4) നബി(സ)യുടെ മരണശേഷം ആഇശ(റ) എത്ര വർഷം ജീവിച്ചു?

(1) 48 വർഷത്തോളം (2) 60 വർഷത്തോളം (3) 18 വർഷത്തോളം

5) മരണവേളയിലെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുകയില്ല എന്ന് പറയുന്ന ക്വുർആൻ വചനം?

(1) 18:4 (2) 41:8 (3) 4:18

6) ജരീർ ഇബ്നുഅബ്ദില്ലാഹ് അൽബജലി(റ) പറഞ്ഞു: "നമസ്കാരം നേരാംവിധം നിലനിർത്തുക, സകാത്ത് നൽകുക, ...................... എന്നതിന് ഞാൻ അല്ലാഹുവിന്റെ റസൂലി(സ)ന് ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ചെയ്തു" (ബുഖാരി, മുസ്‌ലിം).

(1) എല്ലാ മുസ്‌ലിമിനോടും നസ്വീഹത്ത് വെച്ചുപുലർത്തുക (2) ഹജ്ജ് ചെയ്യുക (3) ധർമം ചെയ്യുക

7) ശിക്ഷക്കിരയായ തന്റെ ജനതയുടെ വിഷയത്തിൽ ...................... പറഞ്ഞതായി അല്ലാഹു പറയുന്നു: "അനന്തരം അദ്ദേഹം അവരിൽനിന്ന് പിന്തിരിഞ്ഞുപോയി. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, തീർച്ചയായും എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരികയും ഞാൻ നിങ്ങളോട് ആത്മാർഥമായി ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെയിരിക്കെ സത്യനിഷേധികളായ ജനതയുടെ പേരിൽ ഞാൻ എന്തിനു ദുഃഖിക്കണം" (ക്വുർആൻ 7:93).

(1) ദാവൂദ്(അ) (2) സുലൈമാൻ(അ) (3) ശുഐബ്(അ)

8) ഇന്ത്യയിൽ നിലനിന്നിരുന്ന വിദ്യാഭ്യാസരീതിയുടെ പരിഷ്കരണത്തിനായി പ്രവർത്തിക്കുകയും അതിനായി സെർവന്റ്സ് ഓഫ് ഇന്ത്യാ സൊസൈറ്റി എന്ന സംഘടനയ്ക്കു രൂപംകൊടുക്കുകയും ചെയ്ത വ്യക്തി?

(1) ഗോപാലകൃഷ്ണ ഗോഖലെ (2) നരസിംഹറാവു (3) സുഭാഷ് ചന്ദ്രബോസ്

9) ഇന്ത്യയുടെ ആദ്യത്തെ വിദ്യാഭ്യാസനയം പ്രഖ്യാപിച്ച വർഷം?

(1) 1977 (2)1968 (3) 1949

10) 'ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങളുടെ രക്തബന്ധങ്ങളോ നിങ്ങളുടെ സന്താനങ്ങളോ നിങ്ങൾക്ക് പ്രയോജനപ്പെടുകയില്ല തന്നെ. അല്ലാഹു നിങ്ങളെ തമ്മിൽ വേർപിരിക്കും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് കണ്ടറിയുന്നവനാകുന്നു.' ഇത് ഏത് സൂറത്തിലെ എത്രാം വചനമാണ്?

(1) മുംതഹിന 2 (2) സ്വഫ്ഫ് 10 (3) യാസീൻ 15

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക

സി.പി ചെറിയ മുഹമ്മദ്
mail@nerpatham.com




# ദേശീയ വിദ്യാഭ്യാസനയം: ഉള്ളടക്കം, ഉൾഭയവും

ഈ നൂറ്റാണ്ടിലെ ആദ്യ വിദ്യാഭ്യാസനയത്തിന് ഇക്കഴിഞ്ഞ ജൂലൈ 29നു കേന്ദ്രമന്ത്രിസഭായോഗം അംഗീകാരം നൽകിയിരിക്കുകയാണ്. മൈനസ് ത്രീ തൊട്ട് ഉന്നതവിദ്യാഭ്യാസ മേഖലയിൽവരെ ഘടനയിലും ഉള്ളടക്കത്തിലും സമഗ്രമാറ്റം ഉദ്ദേശിച്ചുള്ളതാണ് ഈ പുതിയ ദേശീയ വിദ്യാഭ്യാസനയം (National Education Policy 2020).

ഐ.എസ്.ആർ.ഒയുടെ മുൻ ചെയർമാൻ ഡോ. കസ്തൂരി രംഗൻ അധ്യക്ഷനായ പതിനൊന്നംഗ സമിതിയാണ് ഈ റിപ്പോർട്ടു തയ്യാറാക്കിയത്. മുപ്പത്തിനാല് വർഷങ്ങൾക്കുശേഷമാണ് ഒരു സമഗ്ര ദേശീയ വിദ്യാഭ്യാസ നയമുണ്ടാകുന്നതെന്നത് ഈ പോളിസിയുടെ (NEP) സവിശേഷതയായി ചൂണ്ടിക്കാട്ടാം. അതേസമയം ഈ നയം അവശ്യം ചർച്ചചെയ്യേണ്ട പാർലമെന്റിന്റെ ഇരുസഭകളും കാണാതെ

യും സംസ്ഥാനങ്ങളുടെ സമവർത്തിതാധികാരങ്ങളിൽ കൈവയ്ക്കുന്നതുമാണെന്ന വിമർശനം ഗൗരവമുള്ളതാണ്.

Draft National Education Policy 2019 എന്ന പേരിൽ 477 പേജുള്ള ഒരു കരട് റിപ്പോർട്ടാണ് 2018 ഡിസംബർ 15ന് കേന്ദ്ര സർക്കാറിന് സമർപ്പിക്കപ്പെട്ടത്. എന്നാൽ ഇപ്പോൾ കേന്ദ്രമന്ത്രിസഭ അംഗീകരിച്ചിരിക്കുന്നത് കേവലം 65 പേജുള്ള, കരടിലെ ഉള്ളടക്കത്തിന്റെ ചോർച്ച പരമാവധി കുറച്ച ഒരു രേഖയുമാണ്.

ആമുഖവും കാഴ്ചപ്പാടും, സ്‌കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, കൂട്ടിച്ചേർക്കേണ്ട പ്രധാന ഏരിയകൾ, മാറുന്ന വിദ്യാഭ്യാസം എന്നീ ഉള്ളടക്കത്തിലായിരുന്നു കരട് രേഖയെങ്കിൽ സ്‌കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, മറ്റു പ്രധാന കേന്ദ്രീകൃത ഏരിയകൾ, സംഭവിക്കാൻ ഇടയാക്കുമ്പോൾ എന്നീ നാലു ഭാഗങ്ങളായി ചുരുക്കിയിട്ടുണ്ട്. 2030ലേക്കുള്ള ഒരു സുസ്ഥിര അജണ്ട ഇതു ലക്ഷ്യമാക്കുന്നു. It Ensure Inclusive and equitable quality education and promote life long learning opportunities for all by 2030 എന്ന് ആമുഖത്തിൽ പറയുന്നു. 'എല്ലാവർക്കും ഒരാജീവനാന്ത പഠനം പ്രോത്സാഹിപ്പിക്കും വിധമുള്ള ഉൾക്കൊള്ളലിന്റെയും നീതിപൂർവകവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഈ നയം വിഭാവനം ചെയ്യുന്നു.'

ഘടനയിലും ഉള്ളടക്കത്തിലും സമഗ്രമായ അഴിച്ചുപണി വിഭാവനം ചെയ്യുന്ന ഈ നയം സ്‌കൂൾ വിദ്യാഭ്യാസത്തെയാണോ ഉന്നത മേഖലയെയാണോ ഏറ്റവും സാരമായി ബാധിക്കുക എന്നു ചോദിച്ചാൽ എല്ലായിടത്തും ഏറ്റക്കുറച്ചിലില്ലാതെ തന്നെ ബാധിക്കുമെന്നു തന്നെയാണ് ഉത്തരം. 1986ലെ ദേശീയ വിദ്യാഭ്യാസനയം (NEP), 1992ലെ കർമപദ്ധതികൾ (POA) എന്നിവയുടെ സമഗ്രഭാവനയ്ക്കു തികച്ചും വ്യത്യസ്തമാണിത്. വിദ്യാഭ്യാസത്തിന്റെ എല്ലാതലങ്ങളിലും മതേതരത്വം ഉദ്ഘോഷിക്കണമെന്നതും ജനാധിപത്യ, ദേശീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കണമെന്നുമുള്ള മൗലികതത്ത്വം പുതിയ നയത്തിൽ തമസ്‌ക്കരിച്ചതും വികേന്ദ്രീകരണത്തിനു പകരം വിദ്യാഭ്യാസത്തെ കൂടുതൽ കേന്ദ്രീകൃതവും സ്വതന്ത്രരഹിതവുമാക്കുകയാണിവിടെ. സംസ്ഥാനങ്ങളുടെ അധികാരങ്ങളിൽ കയ്യിടുക മാത്രമല്ല ഒരു യൂണിപൊളാർ സംസ്‌കൃതിയിലേക്കും ഫൈഡറലിസത്തിനു പകരം ഏകച്ഛത്രാധിപത്യത്തിലേക്കുമുള്ള നീക്കം ഇവിടെ പ്രകടമാണ്.

സ്‌കൂൾ വിദ്യാഭ്യാസത്തിൽ അടിമുടിമാറ്റമാണ് പുതിയനയം നിർദേശിച്ചത്. 1964-66ലെ കോഠാരി കമ്മീഷനാണ് പത്തു വർഷത്തെ പൊതുവിദ്യാഭ്യാസവും തുടർന്നുള്ള രണ്ടുവർഷ ഇന്റർമീഡിയറ്റ് പഠനവും (10+2) എന്ന ഘടന മുന്നോട്ടുവച്ചത്. 1986ലെ ദേശീയ വിദ്യാഭ്യാസനയം 10+2+3 എന്നാക്കി പരിവർത്തിപ്പിച്ചു. എന്നാൽ എൻ.ഇ.പി 2020 സ്‌കൂൾ വിദ്യാഭ്യാസത്തെ നാലു ഘട്ടങ്ങളാക്കി 5+3+3+4 എന്നിങ്ങനെ പൊളിച്ചെഴുതുന്നു. അവ ഫൗണ്ടേഷനൽ, പ്രിപറേറ്ററി, മിഡ്ൽ, സെക്കന്ററി എന്ന പേരിലറിയപ്പെടും. പ്രി സ്‌കൂൾ/അംഗനവാടി വിദ്യാഭ്യാസം ആദ്യ 3 വർഷവും 1,2 ക്ലാസ്സുകൾ പിന്നീട് 2 വർഷവും ചേർന്നാണ് ആദ്യ അഞ്ചു വർഷത്തെ അടിസ്ഥാന ഘട്ടം അഥവാ ഫൗണ്ടേഷനൽ കാലം, 3 വയസ്സു തുടങ്ങി ആറുവയസ്സുവരെ പ്രി സ്‌കൂളും പിന്നീടുള്ള 2 വർഷം ഒന്ന്, രണ്ടു ക്ലാസ്സുകളും കഴിയുമ്പോൾ 6 തൊട്ട് 8 വയസ്സ് പൂർത്തിയാവും. പ്രിപറേറ്ററി ഘട്ടം 3 മുതൽ 5 വരെ ഗ്രേഡുകളാണ്. (8-11 ഏജ് ഗ്രൂപ്പ്). മിഡ്ൽ 6 മുതൽ 8 വരെ ക്ലാസ്സുകളാണ് (11-14 വയസ്സ്). സ്‌കൂൾ വിദ്യാഭ്യാസത്തിലെ അവസാന ഘട്ടം 9 മുതൽ 12 വരെയുള്ള സെക്കന്ററി കാലഘട്ടമാണ്. ഇത് 14 വയസ്സു തൊട്ട് 18 വരെ ആയിരിക്കും.

മൂന്ന്, അഞ്ച്, എട്ട് ക്ലാസ്സുകളിൽ പ്രത്യേക സ്‌ക്രീനിംഗ് പരീക്ഷകളും 10,12 ക്ലാസ്സുകളിലെ നിലവിലുള്ള ബോർഡ് പരീക്ഷകൾ മാറ്റത്തിനു വിധേയമായും

> **ജോമെറ്റയ്‌നിൽ നടന്ന ആഗോള വിദ്യാഭ്യാസ സമ്മേളനത്തിൽ മുഖ്യ ചർച്ചയായത് വിദ്യാഭ്യാസമെന്ന കമ്മോഡിറ്റിയെക്കുറിച്ചായിരുന്നു. വിദ്യാഭ്യാസത്തിന്റെ നൈതിക മൂല്യങ്ങളെക്കാൾ മാർക്കറ്റ് വാല്യൂ കണ്ടെത്താനുള്ള ജാഗ്രതയിൽ ലോക കോർപ്പറേറ്റുകൾ നെട്ടോട്ടമോടുമ്പോൾ നമ്മുടെ സമ്പ്രദായവും ആ വഴിക്കു നീങ്ങുമെന്ന സംശയം ന്യായമായതാണ്. ഉദാരവൽക്കരണത്തിനും സ്വകാര്യവൽക്കരണത്തിനും ഒട്ടേറെ വേദിയും താങ്ങും നൽകുന്ന ഈ നയം പൂർണമാവുന്നതോടെ സർക്കാർ ഈ രംഗത്തുനിന്നു അപ്രത്യക്ഷമാവുമെന്നത് അതിശയോക്തിയാവില്ല.**

നടപ്പിലാക്കും. 5 വരെ അധ്യയനം മാതൃ/പ്രാദേശിക ഭാഷയിലായിരിക്കണം. 8 വരെയുള്ള ക്ലാസ്സുകളിലും ആവശ്യമെങ്കിൽ ഇതു തുടരാം. ത്രിഭാഷ ഫോർമുലയിൽ സംസ്‌കൃതഭാഷ കൂടി ഉൾപ്പെടുത്തി എല്ലാ ലെവലുകളിലും അതു പഠിപ്പിക്കാൻ സൗകര്യമൊരുക്കുകയും വേണം. അതേസമയം ഇന്ത്യയുടെ രണ്ടാം ദേശീയ ഭാഷയായ ഉറുദുവിനെക്കുറിച്ച് റിപ്പോർട്ടിൽ പരാമർശമേയില്ല! വിദേശഭാഷ മാത്രമല്ല അന്താരാഷ്ട്ര ലിങ്ക് ലാംഗേജ് കൂടിയായ ഇംഗ്ലീഷിനെ മാറ്റിനിർത്തലും അതേസമയം അന്താരാഷ്ട്ര നിലവാരത്തിലുള്ള ജ്ഞാനസമൂഹ സൃഷ്ടിയും എങ്ങനെ ഒന്നിച്ച് നടക്കുമെന്നത് അജ്ഞാതമായിരിക്കുന്നു! ഐക്യരാഷ്ട്ര സംഘടനയുടെ ആറു ഔദ്യോഗിക ഭാഷകളിലൊന്നായ അറബിയെപ്പറ്റി മറ്റു വിദേശ ഭാഷകളെക്കുറിച്ച് പറഞ്ഞിടത്തു പരാമർശിക്കുന്നുമില്ല! ഭാഷാവിവേചനമാണ് പുതിയ ദേശീയ വിദ്യാഭ്യാസനയത്തിൽ എടുത്തുപറയത്തക്ക മറ്റൊരു അപാകത എന്നു വ്യക്തം. അതേസമയം ഒരു വിദ്യാർഥിയെയും ഒരു ഭാഷയും അടിച്ചേൽപിക്കരുതെന്ന് പ്രത്യേകം പറയുന്നുണ്ട്. സെക്കന്ററിതലം മുതൽ വിദേശ ഭാഷകളും എല്ലാ ക്ലാസ്സുകളിലും സംസ്‌കൃതവും തെരഞ്ഞെടുക്കാൻ അവസരമുണ്ടാവണമെന്നും നിർദേശിക്കുന്നുണ്ട്.

ആറാം ക്ലാസ്സ് മുതൽ തൊഴിൽ പരിശീലനം വേണമെന്ന നിർദേശമുണ്ട്. അത് നിലവിലുള്ള വിദ്യാഭ്യാസ, മനഃശാസ്ത്ര സമീപനങ്ങൾക്കെല്ലാം എതിരാണ്. അവസാന സെക്കന്ററി ക്ലാസ്സുകളിൽ മാത്രം തൊഴിൽ ആഭിമുഖ്യമുള്ള കോഴ്‌സ്, ബോധവൽക്കരണം എന്നിവ അഭികാമ്യമാണ്. തൊഴിൽ പരിശീലനമെന്നത് ഇളംപ്രായത്തിൽ ആർജിതമാക്കുന്നത് വിദ്യാഭ്യാസത്തിന്റെ ചില മൗലിക ലക്ഷ്യങ്ങളിൽനിന്ന് കുട്ടികളെ അകറ്റുമെന്ന് ഭയപ്പെടേണ്ടതുണ്ട്. മൂന്നാം വയസ്സു മുതൽ കുട്ടികൾക്ക് പാഠ്യപദ്ധതി വരും. അനൗപചാരിക വിദ്യാഭ്യാസം ഇത്ര ഇളം പ്രായത്തിൽ വേണ്ടതുണ്ടോ? ഇതിന്ന് ന്യൂറോ സയൻസിനെ കൂട്ടുപിടിച്ചാലും നാലു വയസ്സ് മുതൽ മതിയാവില്ലേ എന്നത് പ്രസക്തമായ ചോദ്യമാണ്. Catch them young എന്ന പ്രത്യയശാസ്ത്ര കുടില കാഴ്ചപ്പാട് ഇതിനു പിന്നിലുണ്ടോ എന്നതും തള്ളിക്കളയാനാവില്ല. മാനവ വിഭവശേഷി മന്ത്രാലയം എന്ന പേരുതന്നെ മാറ്റി വിദ്യാഭ്യാസ മന്ത്രാലയം എന്നാക്കി മാറ്റുന്ന ഈ നയരേഖയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തും സമൂലമായ മാറ്റം ഉദ്‌ഘോഷിക്കുന്നു.

ഒന്നിലധികം ഓപ്ഷനുകളുമായി ബിരുദപഠനം നാലു വർഷമാക്കും. നാലുവർഷ പഠനം പൂർത്തിയാക്കിയാൽ വിവിധോദ്ദേശ്യ ബാച്ചിലർ ബിരുദം നൽകും. ഒരുവർഷം പൂർത്തിയാക്കി പുറത്തുപോകുന്നവർക്ക് തൊഴിലധിഷ്ഠിത പഠന സർട്ടിഫിക്കറ്റും രണ്ടു വർഷത്തിനു ശേഷം പുറത്തുപോകുന്നവർക്ക് ഡിപ്ലോമയും മൂന്നു വർഷം പൂർത്തിയാക്കിയാൽ ബിരുദവും നാലാം വർഷക്കാർക്ക് ഗവേഷണാധിഷ്ഠിത ബിരുദവും നൽകും. എം.ഫിൽ (മാസ്റ്റർ ഓഫ് ഫിലോസഫി) നിർത്തലാക്കും. ഇന്റഗ്രേറ്റഡ് പിജി കോഴ്‌സ് ഉൾപ്പെടെ നാലു വർഷം, രണ്ടും വർഷം, ഏകവർഷ പിജി കോഴ്‌സുകൾ വരും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് നേടിയ അക്കാദമിക്ക് ക്രെഡിറ്റുകൾ ഡിജിറ്റലായി സംഭരിക്കാൻ അക്കാദമിക്ക് ബാങ്ക് ഓഫ് ക്രെഡിറ്റു സംവിധാനം കൊണ്ടുവരും.



സർവകലാശാലകളെ ടീച്ചിംഗ്, റിസർച്ച്, അഫിലിയേറ്റഡ് എന്നിങ്ങനെ തരംതിരിക്കും. രാജ്യത്ത് ഇപ്പോഴുള്ള കോളേജുകൾ നല്ലൊരു ശതമാനവും അടച്ചുപൂട്ടും. 3000ൽ അധികം കുട്ടികൾ പഠിക്കുന്ന കോളേജുകൾ മാത്രമെ ഇനി നിലനിൽക്കുകയുള്ളൂവെന്നും ഏകവിഷയങ്ങൾ പഠിക്കുന്ന ബി.എഡ് കോളേജുകൾ, അറബിക് കോളേജുകൾ എന്നിവ ഇല്ലാതാകുമെന്നും നയരേഖ പറയുന്നു. അവശേഷിക്കുന്നവയ്ക്ക് അക്കാദമിക സ്വാതന്ത്ര്യവും ഒട്ടോണമസ് പദവിയും നൽകും. സർവകലാശാല, കോളേജ് പഠനങ്ങൾക്ക് നാഷനൽ ടെസ്റ്റിങ്ങ് ഏജൻസിയുടെ പൊതു പ്രവേശന പരീക്ഷ നടത്തുന്നതും ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം ഇപ്പോഴുള്ള 26.3% എന്നത് 1930 ഓടെ 50% ആയി ഉയർത്തുമെന്നും പറയുന്നതിലെ വിരോധാഭാസം പ്രകടമാണ്.

ഉന്നത വിദ്യാഭ്യാസത്തിൽ വിദ്യാഭ്യാസത്തിന്റെ കേന്ദ്രീകരണമാണ് ദൃശ്യമാവുന്നത്. പരീക്ഷകളും കോഴ്സും സ്ഥാപനങ്ങളും എല്ലാം ഒരു നിയന്ത്രിത ശക്തിക്കു കീഴിൽ കൊണ്ടുവരികയാണ്. 3 ഘട്ടങ്ങളിലൂടെ വിഭാവനം ചെയ്യുന്ന മാറ്റങ്ങൾ 1930,35,40 എന്നീ വർഷങ്ങളിലൂടെ പൂർത്തിയാക്കാനാണ് രേഖ ലക്ഷ്യമിടുന്നത്.

ദേശീയ റിസർച്ച് ഫൗണ്ടേഷനും ദേശീയ നോളേജ് കമ്മീഷനും സംബന്ധിച്ച് നയരേഖയിൽ പറയുന്നു. നോളേജ് കമ്മീഷന്റെ അധ്യക്ഷ്യൻ പ്രധാനമന്ത്രി ആയിരിക്കും. ഇതോടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഉന്നതപദവി രാഷ്ട്രീയവൽകരിക്കപ്പെടുകയാണ്. ഒരു സമഗ്ര വിദ്യാഭ്യാസത്തെക്കുറിച്ചാണ് രേഖയിലുടനീളം കാണുന്നത്. വിദേശ സർവകലാശാലകളുടെ വരവിനെക്കുറിച്ചും വിദ്യാഭ്യാസത്തിന്റെ ഉദാരവൽകരണവും രേഖ ഉയർത്തിക്കാട്ടുന്നു. ഇതോടെ വിദ്യാഭ്യാസം ചെലവേറിയതാവുകയും മാർക്കറ്റിംഗ് മൂല്യങ്ങളാൽ നിയന്ത്രിക്കപ്പെടുകയും ചെയ്യുമെന്നത് തീർച്ചയാണ്. ജോമെറ്റയ്നിൽ നടന്ന ആഗോള വിദ്യാഭ്യാസ സമ്മേളനത്തിൽ മുഖ്യ ചർച്ചയായത് വിദ്യാഭ്യാസമെന്ന കമ്മോഡിറ്റിയെക്കുറിച്ചായിരുന്നു. വിദ്യാഭ്യാസത്തിന്റെ നൈതിക മൂല്യങ്ങളെക്കാൾ മാർക്കറ്റ്‌വാല്യൂ കണ്ടെത്താനുള്ള ജാഗ്രതയിൽ ലോകകോർപ്പറേറ്റുകൾ നെട്ടോട്ടമോടുമ്പോൾ നമ്മുടെ സമ്പ്രദായവും ആ വഴിക്കു നീങ്ങുമെന്ന സംശയം ന്യായമായതാണ്. ഉദാരവൽക്കരണത്തിനും സ്വകാര്യവൽക്കരണത്തിനും ഒട്ടേറെ വേദിയും താങ്ങും നൽകുന്ന ഈ നയം പൂർണമാവുന്നതോടെ സർക്കാർ ഈ രംഗത്തുനിന്നു അപ്രത്യക്ഷമാവുമെന്നത് അതിശയോക്തിയാവില്ല.

അധ്യാപക വിദ്യാഭ്യാസവും വലിയ പരിവർത്തനത്തിനു വിധേയമാവും. ബിരുദം ചേർത്തുള്ള 4 വർഷത്തിന്റെ ഇന്റഗ്രേറ്റഡ് ബി.എഡും രണ്ടു വർഷ ബി.എഡും നിലനിൽക്കും. സയൻസ് പഠിക്കുന്ന വിദ്യാർഥികൾ മറ്റു മാനവികവിഷയങ്ങളും പഠിക്കണമെന്ന സമഗ്രമാറ്റവും രേഖയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഏകാധ്യാപക വിദ്യാലയങ്ങൾ നിർത്തലാക്കും എന്നു പറയുന്നതോടൊപ്പം പാരാടീച്ചേഴ്സിന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തുമെന്നും നിയമന മാനദണ്ഡങ്ങൾ കാര്യക്ഷമത മാത്രമാണെന്നും എൻ.ഇ.പിയിലുണ്ട്. പക്ഷേ, ഈ നിയമനങ്ങളും ടീച്ചേഴ്സും എത്രകണ്ട് പ്രായോഗികമാണെന്നത് മറ്റൊരു കാര്യം.

ഒറ്റനോട്ടത്തിൽ പുരോഗമനപരമെന്ന് തോന്നാമെങ്കിലും ഭരണകൂടത്തിന്റെ നിഗൂഢ അജണ്ടകൾ ഒളിച്ചുകടത്താൻ ഒട്ടേറെ ശ്രമം നടന്നിട്ടുണ്ട്. മതേതരത്വം, ജനാധിപത്യം എന്നീ രാഷ്ട്രത്തിന്റെ ജീവൽ വായുവിലല്ല ഈ രേഖ കെട്ടിപ്പടുത്തിരിക്കുന്നത്. മറിച്ച് അവയെ നിരാകരിക്കുകയാണ് ചെയ്യുന്നത്. രൂപം കൊണ്ട വഴികളും ജനാധിപത്യ രീതിയിലല്ല. പാർലമെന്റിൽ പോലും ഇത് അവതരിപ്പിക്കപ്പെട്ടിട്ടില്ല.

മൂന്ന് വയസ്സുമുതൽ നിർബന്ധിത വിദ്യാഭ്യാസം എന്നത് ഗുണത്തെക്കാളേറെ ദോഷമായി മാറും. ഗ്രാമീണ ജനതയെ വിദ്യാലയങ്ങളിൽനിന്ന് അകറ്റും. വിദ്യാഭ്യാസപരമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവരുടെയും മതന്യൂനപക്ഷങ്ങളുടെയും ഭരണഘടനദത്ത അവകാശങ്ങളെക്കുറിച്ച് ഈ രേഖ കുറ്റകരമായ മൗനമവലംബിക്കുന്നു. 1986-1992ലെ ദേശീയനയം കൃത്യമായ പദ്ധതികൾ തന്നെ ഈ വിഭാഗത്തിനു വേണ്ടി പ്രത്യേകം ആവിഷ്ക്കരിച്ചിരുന്നു. ഇന്ത്യയിൽ ഏറ്റവുമധികം ജനങ്ങൾ സംസാരിക്കുന്ന രണ്ടാമത്തെ ഭാഷയായ ഉറുദുവിനോടും ലോക കമേർഷ്യൽ-ട്രേഡ് ലിങ്ക് ലാംഗ്വേജായ അറബിയോടുമുള്ള അവഗണനയും പ്രതിഷേധാർഹമാണ്.

വിദ്യാഭ്യാസമെന്നത് തങ്ങളുടെ ഭാഷയുടെയും സംസ്കാരത്തിന്റെയും സംരക്ഷണത്തിനുള്ള ആയുധമാണ്. അതിജീവനത്തിനും പുരോഗതിക്കുമുള്ള ഏകോപാധിയാണ്. മത, പിന്നാക്ക, ദലിത് ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഇതേറ്റവും പ്രസക്തവുമാണ്. കേന്ദ്രഭരണകൂടം അംഗീകരിച്ചിരിക്കുന്ന ദേശീയ വിദ്യാഭ്യാസനയം 2020 ഈ ലക്ഷ്യം നിറവേറ്റുന്നതിൽ മാർഗതടസ്സമായി ഭവിക്കുമെന്ന് തീർച്ച.

ശബീബ് സ്വലാഹി, തിരൂരങ്ങാടി
mail@nerpatham.com

ലേഖനം




# തിരിച്ചറിയുക; അനുഗ്രഹങ്ങളെ

നമ്മുടെ ജീവിതത്തിൽ എത്ര മാസങ്ങളും വർഷങ്ങളുമാണ് കഴിഞ്ഞുപോയത്! തീർന്നുകൊണ്ടിരിക്കുന്നത് നമ്മുടെ ആയുസ്സാണ്. പരലോകജീവിതത്തിന്റെ ബർസഖി ഘട്ടത്തിലേക്ക് നാം അടുത്തുകൊണ്ടിരിക്കുന്നു എന്നർഥം. പരലോകജീവിത വിജയത്തിനായി താൻ എന്താണ് ഒരുക്കിവച്ചിട്ടുള്ളത് എന്ന് ഓരോരുത്തരും ചിന്തിക്കാൻ തയ്യാറാവേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളേക്കുവേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തുവച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു. അല്ലാഹുവെ മറന്നുകളഞ്ഞ ഒരു വിഭാഗത്തെപ്പോലെ നിങ്ങളാകരുത്. തൻമൂലം അല്ലാഹു അവർക്ക് അവരെപ്പറ്റി തന്നെ ഓർമയില്ലാതാക്കി. അക്കൂട്ടർതന്നെയാകുന്നു ദുർമാർഗികൾ” (ക്വുർആൻ 59:18-20).

### തിരിച്ചറിയുക, ഉറച്ചുനിൽക്കുക

നമ്മെ അല്ലാഹു സൃഷ്ടിച്ചത് പ്രകൃതിമതമായ ഇസ്‌ലാമിലായാണ്. അതിൽനിന്നും തെറ്റാതെ ജീവിക്കലാണ് നമ്മുടെ ബധ്യത.

"ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ചുനിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടിവ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല" (ക്വുർആൻ 30:30).

എന്നാൽ പിശാച് മനുഷ്യരിൽ ഭൂരിപക്ഷത്തെയും സത്യപാതയിൽനിന്നും തെറ്റിച്ചു. അതിനായി അവൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അപ്പോഴെല്ലാം അല്ലാഹു അവന്റെ ദൂതന്മാരെ തന്റെ അടിമകളിലേക്ക് സുവിശേഷം അറിയിച്ചുകൊണ്ടും താക്കീതുകാരായും നിയോഗിച്ചു. അവർ തങ്ങൾക്കും തങ്ങളുടെ മുൻഗാമികൾക്കും അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ ബോധ്യപ്പെടുത്തി. അവനോടുള്ള കരാറും ഉടമ്പടിയും അറിയിച്ചുകൊടുത്തു. നന്ദികേട് കാണിച്ച സമുദായങ്ങളുടെ പതനത്തെ ഓർമപ്പെടുത്തി. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കാൻ അവരെ പ്രേരിപ്പിച്ചു. നന്ദികേടിനുള്ള ശിക്ഷയെക്കുറിച്ച് താക്കീത് നൽകി.

## പ്രവാചകർ ചെയ്തത്

മൂസാ നബിﷺയെ കുറിച്ച് മുഹമ്മദ് നബിﷺ പറയുന്നു: "മൂസാ തന്റെ സമൂഹത്തിന് അല്ലാഹു നൽകിയ അനുഗ്രഹത്തിന്റെയും പരീക്ഷണങ്ങളുടെയും ദിനരാത്രങ്ങൾ ഓർമപ്പെടുത്തിക്കൊണ്ടിരുന്നു" (മുസ്‌ലിം).

ഹൂദ് നബിﷺ തന്റെ സമുദായത്തോട് പറയുന്നത് ക്വുർആനിൽ ഇപ്രകാരം കാണാം: "...നൂഹിന്റെ ജനതയ്ക്കു ശേഷം നിങ്ങളെ അവൻ പിൻഗാമികളാക്കുകയും സൃഷ്ടിയിൽ അവൻ നിങ്ങൾക്കു (ശാരീരിക) വികാസം വർധിപ്പിക്കുകയും ചെയ്തത് നിങ്ങൾ ഓർത്തുനോക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ ഓർമിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം" (ക്വുർആൻ 7:69).

സ്വാലിഹ് നബിﷺയുടെ ഓർമപ്പെടുത്തലുകളെ ക്വുർആൻ പരിചയപ്പെടുത്തുന്നത് കാണുക: "ആദ് സമുദായത്തിനുശേഷം അവൻ നിങ്ങളെ പിൻഗാമികളാക്കുകയും നിങ്ങൾക്കവൻ ഭൂമിയിൽ വാസസ്ഥലം ഒരുക്കിത്തരികയും ചെയ്ത സന്ദർഭം നിങ്ങൾ ഓർക്കുകയും ചെയ്യുക. അതിലെ സമതലങ്ങളിൽ നിങ്ങൾ സൗധങ്ങളുണ്ടാക്കുന്നു. മലകൾ വെട്ടിയെടുത്ത് നിങ്ങൾ വീടുകളുണ്ടാക്കുകയും ചെയ്യുന്നു. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ ഓർത്തുനോക്കുക. നിങ്ങൾ നാശകാരികളായിക്കൊണ്ട് ഭൂമിയിൽ കുഴപ്പം സൃഷ്ടിക്കരുത്" (ക്വുർആൻ 7:74).

ഇതായിരുന്നു മുഴുവൻ പ്രവാചകന്മാരുടെയും രീതി. മുൻഗാമികളെക്കുറിച്ച് അറിയിച്ചുകൊടുത്ത് അവരിൽനിന്നും പാഠം ഉൾക്കൊള്ളാൻ സമൂഹത്തെ അവർ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

## നമ്മുടെ ദൗത്യം

അതുകൊണ്ട് വിശ്വാസികളായ നാം അല്ലാഹു നൽകിയ എണ്ണമറ്റ അനുഗ്രഹങ്ങൾ തിരിച്ചറിയുക. അല്ലാഹു പറയുന്നു:

"അല്ലാഹുവത്രെ ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും, എന്നിട്ട് അതുമൂലം നിങ്ങളുടെ ഉപജീവനത്തിനായി കായ്കനികൾ ഉൽപാദിപ്പിക്കുകയും ചെയ്തത്. അവന്റെ കൽപന (നിയമ) പ്രകാരം കടലിലൂടെ സഞ്ചരിക്കുന്നതിനായി അവൻ നിങ്ങൾക്കു കപ്പലുകൾ വിധേയമാക്കിത്തരികയും ചെയ്തിരിക്കുന്നു. നദികളെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു. സൂര്യനെയും ചന്ദ്രനെയും പതിവായി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന നിലയിൽ അവൻ നിങ്ങൾക്കു വിധേയമാക്കിത്തന്നിരിക്കുന്നു. രാവിനെയും പകലിനെയും അവൻ നിങ്ങൾക്കു വിധേയമാക്കിത്തന്നിരിക്കുന്നു. നിങ്ങളവനോട് ആവശ്യപ്പെട്ടതിൽ നിന്നെല്ലാം നിങ്ങൾക്ക് അവൻ നൽകിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിന്റെ കണക്കെടുക്കാനാവില്ല. തീർച്ചയായും മനുഷ്യൻ മഹാഅക്രമകാരിയും വളരെ നന്ദികെട്ടവനും തന്നെ" (ക്വുർആൻ 14:32-34).

> **"പിശാച് മനുഷ്യരിൽ ഭൂരിപക്ഷത്തെയും സത്യപാതയിൽനിന്നും തെറ്റിച്ചു. അതിനായി അവൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അപ്പോഴെല്ലാം അല്ലാഹു അവന്റെ ദൂതന്മാരെ തന്റെ അടിമകളിലേക്ക് സുവിശേഷം അറിയിച്ചുകൊണ്ടും താക്കീതുകാരായും നിയോഗിച്ചു. അവർ തങ്ങൾക്കും തങ്ങളുടെ മുൻഗാമികൾക്കും അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ ബോധ്യപ്പെടുത്തി. അവനോടുള്ള കരാറും ഉടമ്പടിയും അറിയിച്ചുകൊടുത്തു. നന്ദികേട് കാണിച്ച സമുദായങ്ങളുടെ പതനത്തെ ഓർമപ്പെടുത്തി. അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കാൻ അവരെ പ്രേരിപ്പിച്ചു. നന്ദികേടിനുള്ള ശിക്ഷയെക്കുറിച്ച് താക്കീത് നൽകി."**

**അല്ലാഹുവിനെ മനസ്സുകൊണ്ട് ഇഷ്ടപ്പെടാതെയും നാവുകൊണ്ട് പ്രകീർത്തിക്കാതെയും അവയവങ്ങൾകൊണ്ട് അനുസരിക്കാതെയും ഒരാൾക്കും അല്ലാഹുവിനോട് നന്ദി ചെയ്തു എന്ന് പറയാവതല്ല എന്ന് ഓരോ വിശ്വാസിയും മനസ്സിലാക്കണം. കാരണം അവയെല്ലാം നന്ദിയുടെ അടയാളങ്ങളാണ്. നന്ദി മെയ്യും മനസ്സും അറിഞ്ഞു ചെയ്യേണ്ട കാര്യമാണ്. അല്ലാഹുവിനോട് ചെയ്യുന്ന ഏറ്റവും വലിയ നന്ദി ആരാധനയിലൂടെ അവനിലേക്ക് വേഗത്തിൽ അടുക്കുക എന്നതാണ്.**

നാം അനുഭവിക്കുന്ന മുഴുവൻ സൗഭാഗ്യങ്ങളും അല്ലാഹു നൽകിയ അനുഗ്രഹമാണ്. നമ്മിൽനിന്നും ഒഴിഞ്ഞുപോകുന്ന മുഴുവൻ ദുരന്തങ്ങളും അല്ലാഹുവിൽനിന്നുള്ള അനുഗ്രഹം തന്നെ. അത് നാം തിരിച്ചറിയുകതന്നെ വേണം. അല്ലാഹു പറയുന്നു:

"നിങ്ങളിൽ അനുഗ്രഹമായി എന്തുണ്ടെങ്കിലും അത് അല്ലാഹുവിങ്കൽനിന്നുള്ളതാകുന്നു. എന്നിട്ട് നിങ്ങൾക്കൊരു കഷ്ടത ബാധിച്ചാൽ അവങ്കലേക്ക് തന്നെയാണ് നിങ്ങൾ മുറവിളികൂട്ടിച്ചെല്ലുന്നത്" (ക്വുർആൻ 16:53).

### ഏറ്റവും വലിയ സൗഭാഗ്യം

അല്ലാഹു നമുക്ക് നൽകിയ സൗഭാഗ്യങ്ങളിൽ ഏറ്റവും മഹത്തായത് ഇസ്‌ലാമാണ്. നേർമാർഗം കരസ്ഥമാക്കാനും അതിൽ ഉറച്ചുനിൽക്കാനുമുള്ള അനുഗ്രഹത്തെ പ്രവാചകാനുചരന്മാർക്ക് അല്ലാഹുനൽകിയ മഹത്തായ സൗഭാഗ്യമായി ക്വുർആൻ പരിചയപ്പെടുത്തുന്നത് കാണുക.

"അല്ലാഹുവിന്റെ റസൂലാണ് നിങ്ങൾക്കിടയിലുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. പല കാര്യങ്ങളിലും അദ്ദേഹം നിങ്ങളെ അനുസരിച്ചിരുന്നെങ്കിൽ നിങ്ങൾ വിഷമിച്ചുപോകുമായിരുന്നു. എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിത്തീർക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസവും അധർമവും അനുസരണക്കേടും നിങ്ങൾക്കവൻ അനിഷ്ടകരമാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവരാകുന്നു നേർമാർഗം സ്വീകരിച്ചവർ. അല്ലാഹുവിങ്കൽനിന്നുള്ള ഒരു ഔദാര്യവും അനുഗ്രഹവുമാകുന്നു അത്. അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു" (ക്വുർആൻ 49:7,8).

### തിരിച്ചറിവ് അനിവാര്യം

അതിനാൽ അല്ലാഹു നമുക്ക് തന്ന അനുഗ്രഹങ്ങളെ നാം തിരിച്ചറിയുക. അനുഗ്രഹങ്ങളെയെല്ലാം അല്ലാഹുവിലേക്ക് ചേർത്തിപ്പറയുക. അനുഗ്രഹങ്ങളെ അവമതിക്കുകയും അനുഗ്രഹദാതാവിനെ വിസ്മരിക്കുകയും ചെയ്യുക എന്നത് നീചപ്രവർത്തനമാണ്. അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ അവന്റെ തൃപ്തിക്കനുസൃതമായി ഉപയോഗപ്പെടുത്തുകയാണ് ഒരു മുസ്‌ലിം ചെയ്യുക. മൂസാ നബിﷺയുടെ വാക്കുകളായി ക്വുർആൻ പരിചയപ്പെടുത്തുന്നു:

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എനിക്ക് അനുഗ്രഹം നൽകിയിട്ടുള്ളതുകൊണ്ട് ഇനി ഒരിക്കലും ഞാൻ കുറ്റവാളികൾക്കു സഹായം നൽകുന്നവനാവുകയില്ല" (ക്വുർആൻ 28:17).

തെറ്റുകാരായ ആളുകൾക്ക് അല്ലാഹുവിൽനിന്നും അനുഗ്രഹങ്ങൾ ലഭിക്കുന്നത് കാണുമ്പോൾ അതിൽ നാം വഞ്ചിതരാകരുത്. അതവർ ശിക്ഷിക്കപ്പെടാനായി സംവിധാനിക്കപ്പെട്ടതാണ്. വിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നു:

"അങ്ങനെ അവരോട് ഉൽബോധിപ്പിക്കപ്പെട്ട കാര്യങ്ങൾ അവർ മറന്നുകളഞ്ഞപ്പോൾ എല്ലാ കാര്യങ്ങളുടെയും വാതിലുകൾ നാം അവർക്ക് തുറന്നു കൊടുത്തു. അങ്ങനെ അവർക്ക് നൽകപ്പെട്ടതിൽ അവർ ആഹ്ലാദം കൊണ്ടപ്പോൾ പെട്ടെന്ന് നാം അവരെ പിടികൂടി. അപ്പോൾ അവരതാ നിരാശപ്പെട്ടവരായിത്തീരുന്നു" (ക്വുർആൻ 6:44).

"ആകയാൽ എന്നെയും ഈ വർത്തമാനം നിഷേധിച്ചുകളയുന്നവരേയും കൂടി വിട്ടേക്കുക. അവരറിയാത്ത വിധത്തിൽ അവരെ നാം പടിപടിയായി പിടികൂടുന്നതാണ്" (ക്വുർആൻ 68:44).

ഈ സൂക്തത്തിന്റെ വിവരണത്തിൽ ഇമാം ക്വുർത്വുബി പറയുന്നത് നോക്കൂ: "അവർ പുതുതായി തെറ്റുകൾ ചെയ്യുമ്പോഴെല്ലാം നാം അവർക്ക് അനുഗ്രഹങ്ങൾ പുതുതായി നൽകുകയും പാപമോചനത്തെ തൊട്ട് അവരെ മറപ്പിക്കുകയും ചെയ്യും" (തഫ്സീർ അൽക്വുർത്വുബി).

അതിനാൽ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുന്നവരാവുക നാം. അല്ലാഹുവിനെ മനസ്സുകൊണ്ട് ഇഷ്ടപ്പെടാതെയും നാവുകൊണ്ട് പ്രകീർത്തിക്കാതെയും അ

വയവങ്ങൾകൊണ്ട് അനുസരിക്കാതെയും ഒരാൾക്കും അല്ലാഹുവിനോട് നന്ദി ചെയ്തു എന്ന് പറയാവതല്ല എന്ന് ഓരോ വിശ്വാസിയും മനസ്സിലാക്കണം. കാരണം അവയെല്ലാം നന്ദിയുടെ അടയാളങ്ങളാണ്. നന്ദി മെയ്യും മനസ്സും അറിഞ്ഞു ചെയ്യേണ്ട കാര്യമാണ്. അല്ലാഹുവിനോട് ചെയ്യുന്ന ഏറ്റവും വലിയ നന്ദി ആരാധനയിലൂടെ അവനിലേക്ക് വേഗത്തിൽ അടുക്കുക എന്നതാണ്. അല്ലാഹു പറയുന്നത് കാണുക:

"അല്ല, അല്ലാഹുവെ തന്നെ നീ ആരാധിക്കുകയും നീ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക" (ക്വുർആൻ 39:66).

## സൗഭാഗ്യത്തിന്റെ വർധനവിന്

നന്ദി സൗഭാഗ്യങ്ങളെ വർധിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുമെന്ന് നാം അറിയണം. സൗഭാഗ്യൾക്ക് നന്ദിചെയ്താൽ കൂടുതൽ നന്ദിചെയ്യാനുള്ള അവസരം അല്ലാഹു ഒരുക്കിത്തരും. അല്ലാഹു പറയുന്നു:

"നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചുതരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രഖ്യാപിച്ച സന്ദർഭം (ശ്രദ്ധേയമത്രെ)" (ക്വുർആൻ 14:7).



തനിക്കു ലഭിച്ച സൗഭാഗ്യങ്ങൾക്ക് സദാ നന്ദിയുള്ളവരാകുക. അത് നിലനിർത്തപ്പെടാനായി അല്ലാഹുവിനോട് പ്രാർഥിച്ചുകൊണ്ടിരിക്കുക. അതാണ് ഉത്തമനായ ഒരു അടിമയുടെ അടയാളം. അല്ലാഹു പറയുന്നു:

"അങ്ങനെ അവൻ തന്റെ പൂർണ ശക്തി പ്രാപിക്കുകയും നാൽപത് വയസ്സിലെത്തുകയും ചെയ്താൽ ഇപ്രകാരം പറയും: എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നൻമയുണ്ടാക്കിത്തരികയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു" (ക്വുർആൻ 46:15).

സുലൈമാൻ നബിﷺയുടെ പ്രാർഥന ക്വുർആൻ പരിചയപ്പെടുത്തുന്നത് നോക്കൂ: "എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമം ചെയ്യുവാനും എനിക്ക് നീ പ്രചോദനം നൽകേണമേ. നിന്റെ കാരുണ്യത്താൽ നിന്റെ സദ്‌വൃത്തരായ ദാസൻമാരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപെടുത്തുകയും ചെയ്യേണമേ" (ക്വുർആൻ 27:19).

മുഹമ്മദ് നബിﷺയും തന്റെ അനുചരന്മാരെ അക്കാര്യം ഓർമപ്പെടുത്തിക്കൊണ്ടിരുന്നു: മുആദ്ബിൻ ജബലിؓൽ നിന്നും നിവേദനം: "നബിﷺ അദ്ദേഹത്തിന്റെ കൈപിടിച്ചു, എന്നിട്ട് പറഞ്ഞു: 'മുആദ്, അല്ലാഹുവാണേ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു. അല്ലാഹുവാണേ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു. മുആദ്! അങ്ങേക്ക് ഞാൻ സദുപദേശം നൽകുന്നു: ഒരു നമസ്കാരത്തിന്റെയും അവസാനത്തിൽ 'അല്ലാഹുവേ, നിന്നെ ഓർക്കാനും നിനക്ക് നന്ദി ചെയ്യാനും നല്ലനിലയിൽ നിന്നെ ആരാധിക്കാനും നീ എന്നെ സഹായിക്കണേ' എന്ന പ്രാർഥന നീ ഉപേക്ഷിക്കരുത്."

അനുഗ്രഹങ്ങളെ നാം തിരിച്ചറിയുക, നന്ദിയുള്ളവരാവുക.

-സി.
mail@nerpatham.com

# പച്ചവെള്ളവും കാരക്കയും

ഉർവത്തുബ്നു സുബൈർ ﷺ മദീനയിലെ താബിഉകളിൽ പ്രസിദ്ധരായ ഏഴു നിയമപണ്ഡിതന്മാരിൽ ഒരാളായിരുന്നു. നബിﷺ സ്വർഗമുണ്ട് എന്ന് വെളിപ്പെടുത്തിയ പത്തുപേരിൽ ഒരാളായ സുബൈറുബ്നു അവ്വാമിന്റെയും ﷺ അബൂബക്കർ സിദ്ദീഖിﷺന്റെ പുത്രി അസ്മാഇന്റെയും ﷺ മകനാണ് ഉർവത്ത്. ആഇശ ﷺയിൽനിന്നാണ് ഉർവത്ത് ഫിക്വ്ഹ്(മതവിധികൾ) അധികവും പഠിച്ചുതുടങ്ങിയത്.

ഒരിക്കൽ അദ്ദേഹം ആഇശ ﷺയോട് നബിﷺയുടെ ജീവിതശീലങ്ങൾ ചോദിച്ചറിഞ്ഞപ്പോൾ അവർ പറഞ്ഞു കൊടുത്തു: "ഞങ്ങൾ, നബിﷺയുടെ കുടുംബത്തിൽ അടുപ്പിൽ തീ കത്തിക്കാതെ രണ്ടു മാസക്കാലം കഴിഞ്ഞു കൂടിയിട്ടുണ്ട്!" ഇത് കേട്ടപ്പോൾ ഉർവത്ത് ചോദിച്ചു: "അപ്പോൾ നിങ്ങളെങ്ങനെയാണ് ജീവിച്ചത് ഭക്ഷണമില്ലാതെ?" ആഇശ ﷺ പറഞ്ഞു: "വെള്ളവും കാരക്കയും മാത്രം തിന്നു കഴിഞ്ഞു! ചിലപ്പോഴൊക്കെ മദീനയിലെ അയൽക്കാർ പാലുകൊണ്ടുവന്നുതരുമ്പോൾ അതും കുടിക്കാറുണ്ടായിരുന്നു."

നബിﷺയുടെ മരണശേഷം നാൽപത്തി എട്ട് വർഷത്തോളം ജീവിച്ച ആഇശ ﷺ പണ്ടത്തെ ദാരിദ്ര്യകാലവും പിന്നീടുണ്ടായ സമൃദ്ധിയുടെ കാലവും രണ്ടും നേരിട്ടറിഞ്ഞ വ്യക്തിയാണ്. അവർ ഇളം തലമുറയിലെ സഹോദരിപുത്രനെ പഴയകാലത്തെ ദാരിദ്ര്യാനുഭവങ്ങൾ ഓർമിപ്പിക്കുന്നതിൽനിന്ന് നമുക്കേറെ പഠിക്കാനുണ്ട്; കരുതിയിരിക്കാനുമുണ്ട്.

ഹിജ്റ 90 വരെ ജീവിച്ചുവെന്ന് ചരിത്രത്തിൽ കാണുന്ന ഉർവത്ത് ﷺ മക്കയിൽ ഒമ്പതു വർഷം മക്കാഗവർണറായിരുന്ന തന്റെ സഹോദരന്റെ കൂടെയും താമസിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം മരണം വരെയും ലളിതജീവിതത്തിന്റെയും വിനയത്തിന്റെയും മാതൃകയായിട്ടാണ് അറിയപ്പെട്ടത്. അത് ഒരു പക്ഷേ, ചെറുപ്പത്തിൽ കണ്ടറിഞ്ഞ നബിﷺയുടെ ലളിത ജീവിതത്തിന്റെ സ്വാധീനഫലമായിരിക്കാം

പറഞ്ഞുവരുന്നത് നമ്മുടെ ഇളംതലമുറകൾക്ക് ലളിത ജീവിതത്തെപ്പറ്റിബോധം ചെറുപ്പത്തിലേ നട്ടുവളർത്തേണ്ട ആവശ്യകതയെപ്പറ്റി സൂചിപ്പിക്കാനാണ്. പൊതുവെ ആർഭാടജീവിതത്തിൽ വളർന്ന ഒരു തലമുറയാണ് ഇന്നത്തെ യുവാക്കളും അതിന്ന് താഴെയുള്ളവരും. അതിന്റെ അരികുപറ്റി മുതിർന്നവരും കുറെയൊക്കെ ആർഭാഢത്തിന്റെ അടിമകളായി. നിത്യജീവിതാവശ്യങ്ങൾ മുതൽ സാമൂഹ്യമേഖലകളിലെ മുഴുവൻ രംഗങ്ങളിലും ഏറ്റവും മുന്തിയതിൽ താഴെ ആർക്കും വേണ്ട! കാശില്ലെങ്കിൽ കടംവാങ്ങിയിട്ടോ പിരിവെടുത്തിട്ടോ കാര്യം ഉഷാറാക്കുക എന്ന രീതിയാണുള്ളത്.

കഴിഞ്ഞ മുക്കാൽ നൂറ്റാണ്ടിലേറെക്കാലമായി കേരളീയ സമൂഹത്തിന്റെ ജീവിതത്തിൽ വന്ന ഈ സൗഖ്യഭ്രമത്തിന്ന് നിമിത്തമായത് ഗൾഫ് തന്നെയാണ്. കേരളത്തിലെ പരമ്പരാഗത ഭക്ഷ്യവസ്തുക്കൾ തിന്നുന്നതും കൃഷിചെയ്യുന്നതും വരെ പിന്തള്ളപ്പെട്ടു. ഫാസ്റ്റ്ഫുഡ് സംസ്കാരത്തിലേക്ക് നാം വഴിമാറി. മറ്റുകാര്യങ്ങളിൽ പണം ചെലവാക്കുന്നതും ഇതുപോലെത്തന്നെ. സുഖസൗകര്യങ്ങളിൽ ജനിച്ചു, അതിൽത്തന്നെ വളർന്ന തലമുറകൾക്ക് ലാളിത്യത്തിന്റെ പാഠങ്ങൾ വാചാകർമണാ ഉദ്ദേശ്യപൂർവം നാം നൽകിക്കൊണ്ടിരിക്കണം; ഇനിയുള്ളകാലത്ത് പ്രത്യേകിച്ചും.

കേരളീയർക്ക് ഗൾഫ് പച്ചപിടിച്ചതോടെ ജനിച്ചമണ്ണിന്റെ പച്ചപ്പ് നാം തന്നെ നഷ്ടപ്പെടുത്തി. ചക്കയും കപ്പയും ഇലകളും പടിക്കുപുറത്ത് കടന്നു; ആർക്കും വേണ്ടാതായി. ഇയ്യിടെയായി റോഡിലിരുവശത്തും വെയിലും മഴയും വകവയ്ക്കാതെ വഴിയാത്രക്കാരെ മാടിവിളിച്ചുകൊണ്ട് ഭക്ഷണങ്ങൾ മുതൽ നിത്യജീവിതത്തിന്നു വേണ്ട പലതും കച്ചവടം ചെയ്യാനിറങ്ങിത്തിരിച്ച പല സുഹൃത്തുക്കളും ഗൾഫിലെ ശീതീകരിച്ച മുറികളിൽ ജോലി ചെയ്തിരുന്നവരായിരുന്നു എന്നാണ് പറഞ്ഞു കേൾക്കുന്നത്. ഇതിൽ നമുക്ക് ഏറെ പഠിക്കാനുണ്ട്.

സ്വർണക്കടത്തിന്റെയും അജ്ഞാത പെട്ടികളുടെയും ബിസിനസ്സ് തട്ടിപ്പുകളുടെയും ഓൺലൈൻ ചൂതാട്ട വഞ്ചനകളുടെയും പിന്നാമ്പുറം, ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കാനല്ല, മറിച്ച് ആർഭാഢങ്ങളിൽ ആർമാദിച്ചു ജീവിക്കാനുള്ള ആഗ്രഹമാണ്. ആ ആർമാദങ്ങൾ കണ്ടാണ് പുതുതലമുറ വളരുന്നത്.

അതിനാൽ എല്ലാ രംഗത്തും മിതത്വത്തിന്റെ ശൈലി പറഞ്ഞും കാണിച്ചു കൊടുത്തും ഇന്നത്തെ തലമുറയെ വളർത്തിക്കൊണ്ടുവരണം. അതാണ് നബിﷺയുടെയും സച്ചരിതരായ പിൻഗാമികളുടെയും ജീവിത പാഠം. വരാതിരിക്കട്ടെ എന്ന പ്രാർഥനയോടൊപ്പം തന്നെ, വരാൻ സാധ്യതകൂടിയ വറുതിയുടെ നാളുകൾക്കുവേണ്ടി ചെലവുചുരുക്കലിന്റെ മനോഭാവം വളർത്തിയെടുക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 32



# ഗുണകാംക്ഷ

ഇസ്‌ലാമിൽ നസ്വീഹത്തിന് മഹത്തായ സ്ഥാനവും വിശാലമായ വിവക്ഷയുമുണ്ട്. ഇസ്‌ലാമിന്റെ അച്ചുതണ്ട് എന്നു പണ്ഡിതന്മാർ വിശേഷിപ്പിച്ച ഒരു തിരുമൊഴി ഈ വിവരം വിളിച്ചറിയിക്കുന്നു. അബൂറുക്വയ്യഃ തമീം ഇബ്നു ഔസ് അദ്ദാരി ﵁ യിൽനിന്നും നിവേദനം. തിരുദൂതർ ﷺ പറഞ്ഞു: 'ഇസ്‌ലാം നസ്വീഹത്താ(ഗുണകാംക്ഷ)ണ്.' ഞങ്ങൾ ചോദിച്ചു: 'ആരോട്? നബി ﷺ പറഞ്ഞു: 'അല്ലാഹുവോട്, അല്ലാഹുവിന്റെ കിതാബിനോട്, അല്ലാഹുവിന്റെ റസൂലിനോട്, മുസ്‌ലിം നേതാക്കളോട്, മുസ്‌ലിംകളിലെ സാധാരണക്കാരോട്' (മുസ്‌ലിം).

ഈ ഹദീഥിനെ വിശദീകരിച്ചുകൊണ്ട് ഇമാം അൽഖത്വാബി പറഞ്ഞു: 'അല്ലാഹുവോടുള്ള നസ്വീഹത്ത് എന്നാൽ അവന്റെ ഏകത്വത്തിലുള്ള ശരിയായ വിശ്വാസവും ആരാധനയിൽ നിയ്യത്തിലെ (ഉദ്ദേശ്യത്തിലെ) നിഷ്കളങ്കതയുമാകുന്നു. അല്ലാഹുവിന്റെ കിതാബിനോടുള്ള നസ്വീഹത്ത് എന്നാൽ അതിലുള്ള വിശ്വാസവും അതിലുള്ളതനുസരിച്ചുള്ള പ്രവർത്തനവുമാണ്. അല്ലാഹുവിന്റെ റസൂലിനോടുള്ള നസ്വീഹത്ത്

എന്നാൽ പ്രവാചകത്വത്തെ സത്യപ്പെടുത്തലും കൽപിച്ചതിലും വിരോധിച്ചതിലും തിരുദൂതരോടുള്ള വിധേയത്വം വിനിയോഗിക്കലുമാണ്. വിശ്വാസികളുടെ നേതാക്കളോടുള്ള നസ്വീഹത്തെന്നാൽ സത്യത്തിന്റെ വിഷയത്തിൽ അവരെ അനുസരിക്കലും അവർ അന്യായം ചെയ്താലും വാളെടുത്ത് അവർക്കെതിരിൽ പുറപ്പെടാതിരിക്കലുമാണ്. മുസ്‌ലിം പൊതുജനത്തോടുള്ള നസ്വീഹത്ത് എന്നാൽ അവർക്കു ഗുണപ്രദമായ കാര്യങ്ങളിൽ അവർക്ക് മാർഗനിർദേശം നൽകലാണ്.'

മുസ്‌ലിംകൾക്ക് ഗുണപ്രദമായ കാര്യങ്ങളിൽ അവർക്ക് മാർഗനിർദേശം നൽകലാണ് അവരോടുള്ള നസ്വീഹത്ത്. പ്രസ്തുത നസ്വീഹത്തിന്റെ പ്രാധാന്യവും മഹത്ത്വവുമറിയിക്കുന്ന ഏതാനും തിരുമൊഴികൾ ഇവിടെ നൽകുന്നു.

ജരീർ ഇബ്നുഅബ്ദില്ലാഹ് അൽബജലി ؓ പറഞ്ഞു: "നമസ്‌കാരം നേരാംവിധം നിലനിർത്തുക, സകാത്ത് നൽകുക, എല്ലാ മുസ്‌ലിമിനോടും നസ്വീഹത്ത് വെച്ചുപുലർത്തുക എന്നതിന് ഞാൻ അല്ലാഹുവിന്റെ റസൂലിﷺന് ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ചെയ്തു"(ബുഖാരി, മുസ്‌ലിം).

അബൂഹുറയ്‌റؓയിൽനിന്നു നിവേദനം. തിരുദൂതർﷺ പറഞ്ഞു: 'ഒരു മുസ്‌ലിമിനു മറ്റൊരു മുസ്‌ലിമിന്റെ മേൽ ബാധ്യതകൾ ആറെണ്ണമാകുന്നു.' ചോദിക്കപ്പെട്ടു: 'അല്ലാഹുവിന്റെ തിരുദൂതരേ, അവ ഏതാണ്?' തിരുമേനിﷺ പറഞ്ഞു: 'നീ അവനെ കണ്ടുമുട്ടിയാൽ അവനോട് സലാം പറയുക, അവൻ ക്ഷണിച്ചാൽ ഉത്തരമേകുക, അവൻ നസ്വീഹത്ത് ആവശ്യപ്പെട്ടാൽ അവന് നസ്വീഹത്ത് നൽകുക, അവൻ തുമ്മുകയും അൽഹംദുലില്ലാഹ് ചൊല്ലുകയും ചെയ്താൽ അവനെ തശ്മീത് നടത്തുക, അവൻ രോഗിയായാൽ നീ അവനെ സന്ദർശിക്കുക, അവൻ മരണപ്പെട്ടാൽ അവനെ അനുഗമിക്കുക' (മുസ്‌ലിം).

അബൂയസീദിؓൽനിന്നു നിവേദനം. തിരുദൂതർﷺ പറഞ്ഞു: "നിങ്ങളിലൊരാൾ തന്റെ സഹോദരനോട് നസ്വീഹത്ത് ആവശ്യപ്പെട്ടാൽ അവൻ സഹോദരന് നസ്വീഹത്ത് നൽകട്ടെ''(ബുഖാരി).

ഉത്തമമായ മാർഗനിർദേശമരുളലാണല്ലോ നസ്വീഹത്ത്. മാർഗനിർദേശം നൽകുന്നവൻ പ്രവാചകന്മാരുടെ പാതയിലാണ്. അവർക്ക് മഹത്തായ പ്രതിഫലവുമാണ്. മാർഗനിർദേശങ്ങൾ ചെവിക്കൊള്ളാതിരിക്കുകയും മുഖവിലക്കെടുക്കാതിരിക്കുകയും ചെയ്യുന്നവർക്ക് കടുത്തശിക്ഷയും കനത്ത നഷ്ടവുമാണ്. നബിപുങ്കവന്മാരുടെ വിഷയത്തിൽ അവതീർണമായ ഏതാനും വിശുദ്ധ വചനങ്ങൾ നോക്കൂ:

നൂഹ് നബിﷷ തന്റെ ജനതയോടു പറഞ്ഞതായി വിശുദ്ധ ക്വുർആനിൽ ഇപ്രകാരമുണ്ട്: "അദ്ദേഹത്തിന്റെ ജനതയിലെ പ്രമാണിമാർ പറഞ്ഞു: തീർച്ചയായും നീ പ്രത്യക്ഷമായ ദുർമാർഗത്തിലാണെന്ന് ഞങ്ങൾ കാണുന്നു. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, എന്നിൽ ദുർമാർഗമൊന്നുമില്ല. പക്ഷേ, ഞാൻ ലോകരക്ഷിതാവിങ്കൽനിന്നുള്ള ദൂതനാകുന്നു" (ക്വുർആൻ 7:61,62).

ഹൂദ് നബിﷷ തന്റെ ജനതയായ ആദ് ഗോത്രത്തോട് പറഞ്ഞതായി അല്ലാഹു പറയുന്നു: "അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, എന്നിൽ യാതൊരു മൗഢ്യവുമില്ല. പക്ഷേ, ഞാൻ ലോകരക്ഷിതാവിങ്കൽ നിന്നുള്ള ദൂതനാണ്. എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നു. ഞാൻ നിങ്ങളുടെ വിശ്വസ്തനായ ഗുണകാംക്ഷിയുമാകുന്നു" (ക്വുർആൻ 7:67,68).

ശിക്ഷക്കിരയായ തന്റെ ജനതയുടെ വിഷയത്തിൽ സ്വാലിഹ് നബിﷷ പറഞ്ഞതായി അല്ലാഹു പറയുന്നു: "അനന്തരം സ്വാലിഹ് അവരിൽനിന്ന് പിന്തിരിഞ്ഞുപോയി. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, തീർച്ചയായും ഞാൻ നിങ്ങൾക്ക് എന്റെ രക്ഷിതാവിന്റെ സന്ദേശം എത്തിച്ചുതരികയും ആത്മാർഥമായി ഞാൻ നിങ്ങളോട് ഉപദേശിക്കുകയുമുണ്ടായി. പക്ഷേ, സദുപദേശികളെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല"(ക്വുർആൻ 7:79).



ശിക്ഷക്കിരയായ തന്റെ ജനതയുടെ വിഷയത്തിൽ ശുഐബ് നബിﷺ പറഞ്ഞതായി അല്ലാഹു പറയുന്നു: "അനന്തരം അദ്ദേഹം അവരിൽനിന്ന് പിന്തിരിഞ്ഞുപോയി. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, തീർച്ചയായും എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരികയും ഞാൻ നിങ്ങളോട് ആത്മാർഥമായി ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെയിരിക്കെ സത്യനിഷേധികളായ ജനതയുടെ പേരിൽ ഞാൻ എന്തിനു ദുഃഖിക്കണം" (ക്വുർആൻ 7:93).

ഗുണകാംക്ഷാനിർഭരമായ ഉപദേശനിർദേശങ്ങൾ സമർപ്പിക്കുന്നതിൽ നിറഞ്ഞമാതൃകയായിരുന്നു തിരുനബിﷺ. ഏതേതു വിഷയങ്ങളിലും തികഞ്ഞ മാതൃകകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ചിലത് ഇവിടെ നൽകുന്നു:

അനസ് ഇബ്നു മാലികി﵁ൽ നിന്നും നിവേദനം: "അബ്ദുർറഹ്മാൻ ഇബ്നുഔഫി﵁ൽ തിരുനബിﷺ കുങ്കുമത്തിന്റെ പാട് കണ്ടു. തിരുനബിﷺ ചോദിച്ചു: 'എന്താണ് കാര്യം?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, ഞാൻ ഒരു മഹതിയെ വിവാഹം കഴിച്ചിരിക്കുന്നു.' തിരുമേനി ചോദിച്ചു: 'താങ്കൾ അവർക്ക് എന്താണ് മഹ്ർ നൽകിയത്?' അദ്ദേഹം പറഞ്ഞു: 'ഒരു ഈത്തപ്പനക്കുരുവിന്റെ തൂക്കം സ്വർണം.' തിരുമേനിﷺ പ്രതികരിച്ചു: 'താങ്കളിൽ അല്ലാഹു അനുഗ്രഹം അരുളട്ടെ. ഒരു ആടിനെയെങ്കിലും അറുത്ത് വിവാഹ സൽകാരം നടത്തുക' (ബുഖാരി).

അബൂഹുറയ്റ﵁യിൽനിന്നു നിവേദനം: "ഞാൻ തിരുനബിﷺയുടെ അടുക്കലായിരുന്നു. അപ്പോൾ തിരുമേനിﷺയുടെ അടുക്കൽ ഒരാൾ വരികയും അൻസ്വാരികളിൽപെട്ട ഒരു സ്ത്രീയെ അദ്ദേഹം വിവാഹം കഴിക്കുവാനുദ്ദേശിക്കുന്നു എന്നുണർത്തുകയും ചെയ്തു. അപ്പോൾ തിരുനബി അദ്ദേഹത്തോടു ചോദിച്ചു: 'താങ്കൾ ആ സ്ത്രീയെ കണ്ടുവോ?' അദ്ദേഹം പറഞ്ഞു: 'ഇല്ല.' നബിﷺ പ്രതിവചിച്ചു: 'എങ്കിൽ താങ്കൾ പോയി അവരെ കാണുക. കാരണം അൻസ്വാരികളുടെ കണ്ണിന് അൽപം ചെറുപ്പമുണ്ട്" (ബുഖാരി).

ജാബിറി﵁ൽനിന്നു നിവേദനം: "താങ്കൾക്ക് ഒരു കന്യകയെ വിവാഹം കഴിക്കാമായിരുന്നില്ലേ; താങ്കൾക്ക് അവളോടും അവൾക്കു താങ്കളോടും വിനോദിക്കുവാൻ"(ബുഖാരി).

ഇബ്നു അബ്ബാസി﵁ൽനിന്നു നിവേദനം: "ഥാബിത് ഇബ്നുക്വയ്സിന്റെ ഭാര്യ തിരുനബിﷺയുടെ അടുക്കൽ ചെന്നുകൊണ്ട് പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, ഥാബിത് ഇബ്നുക്വയ്സിന്റെ സ്വഭാവത്തെയോ മതനിഷ്ഠയെയോ കുറിച്ച് എനിക്ക് യാതൊരു ആക്ഷേപവുമില്ല. പക്ഷേ, ഇസ്‌ലാമിൽ കുഫ്റിനെ (ഭർത്താവിന്റെ സൽപെരുമാറ്റത്തെ നിഷേധിക്കുന്നതിനെ) ഞാൻ ഇഷ്ടപ്പെടുന്നില്ല.' തിരുനബി പറഞ്ഞു: 'അദ്ദേഹം (നിങ്ങൾക്കു മഹ്ർ) നൽകിയ തോട്ടം അദ്ദേഹത്തിനു നിങ്ങൾ തിരിച്ചുനൽകുമോ?' അവർ പറഞ്ഞു: 'അതെ.' അപ്പോൾ തിരുദൂതർﷺ (ഥാബിതിനോടു) പറഞ്ഞു: 'തോട്ടം തിരിച്ചു വാങ്ങി അവരെ ത്വലാക്വ് ചൊല്ലുക" (ബുഖാരി).

ജാബിറി﵁ൽനിന്നു നിവേദനം. അദ്ദേഹം പറഞ്ഞു: "എന്റെ മാതൃസഹോദരി വിവാഹമോചിതയായി. അവർ ഒരു ഈത്തപ്പന മുറിക്കുവാൻ (പുറത്തിറങ്ങുവാൻ) ഉദ്ദേശിച്ചു. അപ്പോൾ അവർ പുറത്തിറങ്ങുന്നത് ഒരു വ്യക്തി തടഞ്ഞു. അവർ തിരുദൂതരുﷺടെ അടുക്കൽ ചെന്നു (വിഷയം ആരാഞ്ഞു). തിരുനബി പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ ഈത്തപ്പന മുറിച്ചുകൊള്ളൂ. ഒരുവേള നിങ്ങൾ അതു ദാനം ചെയ്യുമായിരിക്കും. അല്ലെങ്കിൽ വല്ല നല്ല കാര്യവും ചെയ്യുമായിരിക്കും" (മുസ്‌ലിം).

ആഇശ﵂യിൽനിന്നു നിവേദനം; ഹിന്ദ്﵂ പറഞ്ഞു: "അല്ലാഹുവിന്റെ തിരുദൂതരേ, നിശ്ചയം അബൂസുഫ്‌യാൻ പിശുക്കനായ മനുഷ്യനാണ്. എന്റെയും എന്റെ മക്കളുടെയും ചെലവിന് പര്യാപ്തമായത് അദ്ദേഹം തരുന്നില്ല. അദ്ദേഹം അറിയാതെ ഞാൻ എടുത്തതല്ലാതെ തികയുന്നില്ല.' നബിﷺ പറഞ്ഞു: 'നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും ന്യായമായ നിലയ്ക്ക് എടുത്തുകൊള്ളുക'' (ബുഖാരി).

> **"അല്ലാഹുവിന്റെ റസൂലിനോടുള്ള നസ്വീഹത്ത് എന്നാൽ പ്രവാചകത്വത്തെ സത്യപ്പെടുത്തലും കൽപിച്ചതിലും വിരോധിച്ചതിലും തിരുദൂതരോടുള്ള വിധേയത്വം വിനിയോഗിക്കലുമാണ്. വിശ്വാസികളുടെ നേതാക്കളോടുള്ള നസ്വീഹത്തെന്നാൽ സത്യത്തിന്റെ വിഷയത്തിൽ അവരെ അനുസരിക്കലും അവർ അന്യായം ചെയ്താലും വാളെടുത്ത് അവർക്കെതിരിൽ പുറപ്പെടാതിരിക്കലുമാണ്. മുസ്‌ലിം പൊതുജനത്തോടുള്ള നസ്വീഹത്ത് എന്നാൽ അവർക്കു ഗുണപ്രദമായ കാര്യങ്ങളിൽ അവർക്ക് മാർഗനിർദേശം നൽകലാണ്."**

തന്റെ പിതാവ് സ്വത്ത് മുടിപ്പിക്കുന്നു എന്ന് ആവലാതിപ്പെട്ട വ്യക്തിയോട് തിരുനബിﷺ പറഞ്ഞതായി അംറ് ഇബ്നുൽആസി൞ൽനിന്നുള്ള ഹദീഥിൽ ഇപ്രകാരമുണ്ട്: "നീയും നിന്റെ സ്വത്തും നിന്റെ പിതാവിനുള്ളതാണ്. നിങ്ങളുടെ സന്തതികൾ നിങ്ങളുടെ മഹത്തരമായ സമ്പാദ്യത്തിൽ പെട്ടതാണ്. അതിനാൽ നിങ്ങളുടെ സന്തതികളുടെ സമ്പാദ്യത്തിൽനിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക" (സുനനുഅബീദാവൂദ്. അൽബാനി സ്വഹീഹെന്നു വിശേഷിപ്പിച്ചു).

ഇബ്നുഅബ്ബാസി൞ൽനിന്നു നിവേദനം: "തിരുനബിﷺ ഖുത്വുബ നിർവഹിച്ചുകൊണ്ടിരിക്കെ അതാ ഒരു വ്യക്തി നിൽക്കുന്നു! തിരുമേനി അയാളെക്കുറിച്ച് ചോദിച്ചു. അവർ പ്രതികരിച്ചു: 'അബൂ ഇസ്റാഈൽ എന്ന വ്യക്തിയാണ്. സൂര്യനു താഴെ ചൂടേറ്റു നിൽക്കുവാനും തണലേൽക്കാതിരിക്കുവാനും സംസാരിക്കാതിരിക്കുവാനും നോമ്പെടുക്കുവാനും അയാൾ പ്രതിജ്ഞയെടുത്തിരിക്കുന്നു.' തിരുനബി പറഞ്ഞു: 'സംസാരിക്കുവാനും തണൽകൊള്ളുവാനും ഇരിക്കുവാനും നോമ്പ് പൂർത്തിയാക്കുവാനും അയാളോട് കൽപിക്കുക."(ബുഖാരി)

ഉമർ ഇബ്നു അബീസലമ൞യിൽ നിന്നുള്ള ഹദീഥിൽ ഇപ്രകാരമുണ്ട്: "അല്ലാഹുവിന്റെ തിരുദൂതരുടെ മടിയിൽ ഞാൻ ഒരു കുഞ്ഞായിരുന്നു. എന്റെ കൈ ഭക്ഷണത്തളികയുടെ ചുറ്റുഭാഗത്തുനിന്നും വാരിവലിക്കുവാൻ തുടങ്ങി. അപ്പോൾ തിരുദൂതൻ എന്നോട് പറഞ്ഞു: 'കുട്ടീ, (ഭക്ഷണം കഴിക്കുവാൻ തുടങ്ങുമ്പോൾ) ബിസ്മില്ലാഹ് ചൊല്ലുകയും വലതുകൈകൊണ്ട് എടുത്തുതിന്നുകയും നിന്റെ തൊട്ടുള്ളതിൽനിന്നു മാത്രം കഴിക്കുകയും ചെയ്യുക.' അതിൽ പിന്നെ അതായിരുന്നു എന്റെ ഭക്ഷണരീതി"(ബുഖാരി).

ഇബ്നു അബ്ബാസി൞ൽനിന്ന് നിവേദനം: മുആദി൞നെ അല്ലാഹുവിന്റെ റസൂൽ യമനിലേക്ക് അയച്ചപ്പോൾ അദ്ദേഹത്തോട് പറഞ്ഞു: "താങ്കൾ പോകുന്നത് വേദക്കാരിൽ ഒരു വിഭാഗത്തിന്റെ അടുക്കലേക്കാണ്. അതിനാൽ അവരെ നിങ്ങൾ ആദ്യമായി ക്ഷണിക്കേണ്ടത് 'ലാ ഇലാഹ ഇല്ലല്ലാഹു' എന്നതിലേക്കാണ്. (മറ്റൊരു റിപ്പോർട്ടിൽ: അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുന്നതിലേക്കാണ്). അതിന് അവർ താങ്കളെ അനുസരിച്ചാൽ ഓരോ രാപകലുകളിലുമായി അഞ്ചുനേരത്തെ നമസ്കാരങ്ങൾ അല്ലാഹു അവരുടെമേൽ നിർബന്ധമാക്കിയിരിക്കുന്നുവെന്ന് അവരെ നിങ്ങൾ അറിയിക്കുക. അതിലും താങ്കളെ അവർ അനുസരിച്ചാൽ അല്ലാഹു അവരുടെമേൽ സകാത്ത് നിർബന്ധമാക്കിയിരിക്കുന്നുവെന്നും അത് അവരിലെ ധനികരിൽനിന്ന് സ്വീകരിക്കപ്പെടുകയും അവരിലെ ദരിദ്രർക്ക് വിതരണം ചെയ്യപ്പെടുകയും ചെയ്യണമെന്ന് അവരെ പഠിപ്പിക്കുക. ഇക്കാര്യത്തിലും അവർ താങ്കളെ അനുസരിച്ചാൽ, അവരുടെ ധനത്തിലെ ഉത്തമമായതിനെ (മാത്രം സകാത്തായി) പിടിച്ചെടുക്കുന്നത് താങ്കൾ സൂക്ഷിക്കുക. മർദിതന്റെ പ്രാർഥനയെ താങ്കൾ സൂക്ഷിക്കുക. തീർച്ചയായും അക്രമിക്കപ്പെട്ടവന്റെ പ്രാർഥനക്കും അല്ലാഹുവിനുമിടയിൽ മറയില്ല" (ബുഖാരി, മുസ്ലിം).

ഖയ്ബർ യുദ്ധദിനം അലിയ്യി൞ന് പതാക നൽകിയശേഷം അല്ലാഹുവിന്റെ തിരുദൂതർﷺ പറഞ്ഞതായി സഹ്ൽ ഇബ്നുസഅ്ദി൞ൽനിന്ന് നിവേദനം: "സമാധാനത്തിലും മര്യാദയിലും താങ്കൾ മുന്നോട്ട് ഗമിക്കുക; താങ്കൾ ജൂതരുടെ (കോട്ട)മുറ്റത്ത് ചെന്നിറങ്ങിയാൽ താങ്കൾ അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുക. ഇസ്ലാമിൽ അവരുടെ മേൽ നിർബന്ധമായ അല്ലാഹുവിന്റെ അവകാശങ്ങൾ താങ്കൾ അവരെ അറിയിക്കുക. അല്ലാഹുവാണെ സത്യം! താങ്കളിലൂടെ ഒരാൾക്ക് അല്ലാഹു ഹിദായത്ത് നൽകലാണ് താങ്കൾക്ക് ഒരു ചുവന്ന ഒട്ടകം ഉണ്ടാകുന്നതിനെക്കാൾ ഉത്തമം" (ബുഖാരി, മുസ്ലിം)

തിരുദൂതർ അബൂദർറി൞നു നൽകിയ ഹൃദ്യമായ ഒരു നസ്വീഹത്ത് ഇപ്രകാരമുണ്ട്: "അബൂദർറ്, ഉഹുദ് മലയോളം സ്വർണം എനിക്ക് ഉണ്ടാവുകയും അതിൽ ഒരു ദീനാർ എന്റെ കയ്യിൽ ബാക്കിയുണ്ടാവുകയും അല്ലാഹുവിന്റെ അടിയാറുകൾക്കിടയിൽ അത് ഇപ്രകാരം വീതിച്ചുനൽകാതെ (തിരുമേനി തന്റെ കൈകൊണ്ട് ഞങ്ങൾക്കത് കാണിച്ചുതന്നു) ഒന്നോ അല്ലെങ്കിൽ മൂന്നോ രാത്രി എനിക്ക് വരുകയും ചെയ്യുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല; ഞാൻ കടം വീട്ടുവാൻ എടുത്തുവെക്കുന്ന ദീനാർ ഒഴികെ.' എന്നിട്ട് (തിരുമേനി) പറഞ്ഞു: 'അബൂദർറ്!' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഞാനിതാ അങ്ങേക്ക് ഉത്തരം ചെയ്യുന്നു. അതിൽ ഞാൻ സൗഭാഗ്യം കാണുകയും ചെയ്യുന്നു.' തിരുമേനിﷺ പറഞ്ഞു: '(സമ്പത്ത്) കൂടിയവർ, അവരാണ് അന്ത്യനാളിൽ (നന്മകൾ) കുറഞ്ഞവർ; തന്റെ കൈകൾകൊണ്ട് ഇപ്രകാരം നൽകിയവർ ഒഴിച്ച്" (ബുഖാരി, മുസ്ലിം).

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# സന്മാർഗത്തിൽ അടിയുറച്ചു നിലകൊള്ളുക

**സുഫ്‌യാനുബ്‌നു അബ്ദില്ല(റ)യിൽ നിന്ന് നിവേദനം: "ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, മറ്റാരോടും ചോദിച്ചു പഠിക്കേണ്ടാത്തത്രയും (വ്യക്തവും സമ്പൂർണവുമായ) ഒരു വചനം എനിക്ക് പഠിപ്പിച്ചുതന്നാലും.' നബി(സ) പറഞ്ഞു: 'ഞാൻ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു എന്ന് നീ പറയുകയും സത്യമാർഗത്തിൽ അടിയുറച്ചുനിൽക്കുകയും ചെയ്യുക" (മുസ്‌ലിം).**

ഒരു സത്യവിശ്വാസി എപ്പോഴും നന്മയോട് ആഭിമുഖ്യം പുലർത്തുന്നവനായിരിക്കണം. തന്റെ വിശ്വാസത്തിലും കർമങ്ങളിലും അപാകത വരാതിരിക്കാൻ ജാഗ്രത പുലർത്തുക മാത്രമല്ല; അവ രണ്ടിലും കൂടുതൽ കൂടുതൽ അറിവുണ്ടാകുവാൻ ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യണം. അറിയാത്തത് അറിവുള്ളവരോട് ചോദിച്ചു പഠിക്കുന്നതിൽ ഒട്ടും മടികാണിച്ചുകൂടാ. സുഫ്‌യാനുബ്‌നു അബ്ദില്ല(റ) എന്ന പ്രവാചകാനുചരൻ പ്രവാചകന്റെ അടുക്കൽ വന്നു ചോദിക്കുന്നത് ഭൗതികമായ എന്തെങ്കിലും സഹായമല്ല, മറിച്ച് പരലോകവിജയത്തിന് ഉപകാരപ്രദമായ കാര്യമാണ്.

'ഞാൻ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു എന്ന് നീ പറയുകയും സത്യമാർഗത്തിൽ അടിയുറച്ചു നിൽക്കുകയും ചെയ്യുക' എന്നാണ് നബി(സ) നൽകിയ മറുപടി. അല്ലാഹുവിലുള്ള വിശ്വാസമാണല്ലോ ആദ്യം ശരിയാകേണ്ടത്. ഞാൻ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു എന്ന കേവലമായ പ്രസ്താവന കൊണ്ട് ആരും യഥാർഥ വിശ്വാസിയാവുകയില്ല. അല്ലാഹു ഉണ്ട് എന്ന വിശ്വാസക്കാർ തന്നെയായിരുന്നല്ലോ മക്കയില ബഹുദൈവാരാധകർ. എന്നാൽ അതിനോടൊപ്പം അവർ സ്വയംദൈവമായി സ്വീകരിച്ച ബിംബങ്ങളെയും ആരാധിച്ചു. ആ ബിംബങ്ങളാകട്ടെ മുൻകഴിഞ്ഞുപോയ പല മഹത്തുക്കളുടെയും പ്രതിരൂപമായി നിർമിക്കപ്പെട്ടവയുമായിരുന്നു. അവർ അല്ലാഹുവിലേക്കുള്ള ശുപാർശക്കാരാണ് എന്നായിരുന്നു ഇവരുടെ വാദം.

സ്രഷ്ടാവും സംരക്ഷകനും സംഹരിക്കുന്നവനുമാണ് അല്ലാഹുവെന്നും അവന് ഒരു കാര്യത്തിലും യാതൊരു പങ്കുകാരുമില്ലെന്നും വിശ്വസിക്കുകയും ആരാധനകൾ അവനുമാത്രം അർപ്പിക്കുകയും അദൃശ്യമായ നിലയിൽ അവനെ ഭയപ്പെടുകയും അവൻ വിശ്വസിക്കാൻ പറഞ്ഞ മുഴുവൻ കാര്യങ്ങളിലും വിശ്വസിക്കുകും ചെയ്യുമ്പോഴാണ് അവനിലുള്ള വിശ്വാസം യാഥാർഥ്യമാവുക. വിശ്വാസത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് മതം പഠിപ്പിച്ച സൽകർമങ്ങൾ അനുഷ്ഠിക്കുകയും വേണം.

താൽക്കാലിക വിശ്വാസം പോരാ; വിശ്വാസത്തിൽ അടിയുറച്ചു നിലകൊള്ളുകകൂടി വേണം. അവർക്കേ സ്വർഗാവകാശികളാകാൻ കഴിയുകയുള്ളൂ. അല്ലാഹു പറയുന്നു:

"ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട. നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞുകൊള്ളുക" (ക്വുർആൻ 41:30).

"ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുക യും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. അവർ പ്രവർത്തിച്ചിരുന്നതിനു ള്ള പ്രതിഫലമത്രെ അത്" (ക്വുർആൻ 46:13,14).

സത്യമാർഗത്തിൽ അടിയുറച്ചു നിലകൊണ്ട് ഭയഭക്തിയോടെ ജീവിതം നയിക്കുവാനും മുസ്‌ലിംകളായ നിലയിൽ മരണപ്പെടുവാനുമാണ് അല്ലാഹു ആവശ്യപ്പെടുന്നത്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്" (ക്വുർആൻ 3:102).

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 60, ഭാഗം: 2

# മുംതഹിന (പരീക്ഷിക്കപ്പെടേണ്ടവൾ)

(മദീനയിൽ അവതരിച്ചത്)

إِن يَثْقَفُوكُمْ يَكُونُوا۟ لَكُمْ أَعْدَآءً وَيَبْسُطُوٓا۟ إِلَيْكُمْ
أَيْدِيَهُمْ وَأَلْسِنَتَهُم بِٱلسُّوٓءِ وَوَدُّوا۟ لَوْ تَكْفُرُونَ ﴿٢﴾
لَن تَنفَعَكُمْ أَرْحَامُكُمْ وَلَآ أَوْلَٰدُكُمْ ۚ يَوْمَ ٱلْقِيَٰمَةِ
يَفْصِلُ بَيْنَكُمْ ۚ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٣﴾
قَدْ كَانَتْ لَكُمْ أُسْوَةٌ حَسَنَةٌ فِىٓ إِبْرَٰهِيمَ وَٱلَّذِينَ
مَعَهُۥٓ إِذْ قَالُوا۟ لِقَوْمِهِمْ إِنَّا بُرَءَٰٓؤُا۟ مِنكُمْ وَمِمَّا
تَعْبُدُونَ مِن دُونِ ٱللَّهِ كَفَرْنَا بِكُمْ وَبَدَا بَيْنَنَا وَبَيْنَكُمُ
ٱلْعَدَٰوَةُ وَٱلْبَغْضَآءُ أَبَدًا حَتَّىٰ تُؤْمِنُوا۟ بِٱللَّهِ وَحْدَهُۥٓ
إِلَّا قَوْلَ إِبْرَٰهِيمَ لِأَبِيهِ لَأَسْتَغْفِرَنَّ لَكَ وَمَآ أَمْلِكُ لَكَ
مِنَ ٱللَّهِ مِن شَىْءٍ ۖ رَّبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ أَنَبْنَا
وَإِلَيْكَ ٱلْمَصِيرُ ﴿٤﴾

2. അവർ നിങ്ങളെ കണ്ടുമുട്ടുന്നപക്ഷം അവർ നിങ്ങൾക്ക് ശത്രുക്കളായിരിക്കും. നിങ്ങളുടെ നേർക്ക് ദുഷ്ടതയും കൊണ്ട് അവരുടെ കൈകളും നാവുകളും അവർ നീട്ടുകയും നിങ്ങൾ അവിശ്വസിച്ചിരുന്നെങ്കിൽ എന്ന് അവർ ആഗ്രഹിക്കുകയും ചെയ്യും.

3. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങളുടെ രക്തബന്ധങ്ങളോ നിങ്ങളുടെ സന്താനങ്ങളോ നിങ്ങൾക്ക് പ്രയോജനപ്പെടുകയില്ല തന്നെ. അല്ലാഹു നിങ്ങളെ തമ്മിൽ വേർപിരിക്കും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് കണ്ടറിയുന്നവനാകുന്നു.

4. നിങ്ങൾക്ക് ഇബ്റാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങളുമായും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽനിന്നു തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നതുവരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു. തീർച്ചയായും ഞാൻ താങ്കൾക്കുവേണ്ടി പാപമോചനം തേടാം, താങ്കൾക്കുവേണ്ടി അല്ലാഹുവിങ്കൽനിന്ന് യാതൊന്നും എനിക്ക് അധീനപ്പെടുത്താനാവില്ല എന്ന് ഇബ്റാഹീം തന്റെ പിതാവിനോട് പറഞ്ഞ വാക്കൊഴികെ. (അവർ ഇപ്രകാരം പ്രാർഥിച്ചിരുന്നു:) ഞങ്ങളുടെ രക്ഷിതാവേ, നിന്റെമേൽ ഞങ്ങൾ ഭരമേൽപിക്കുകയും, നിങ്കലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിങ്കലേക്ക് തന്നെയാണ് തിരിച്ചുവരവ്.

2). തുടർന്ന് അല്ലാഹു അവരുടെ ശത്രുതയെക്കുറിച്ച് സത്യവിശ്വാസികളെ ഉണർത്താൻ അവരുടെ ശത്രുതയുടെ കാഠിന്യം വ്യക്തമാക്കുകയാണ്. (അവർ നിങ്ങളെ കണ്ടുമുട്ടുന്ന പക്ഷം) നിങ്ങളെ കണ്ടുമുട്ടുകയും ഉപദ്രവിക്കാൻ അവസരം ലഭിക്കുകയും ചെയ്താൽ. (അവർ നിങ്ങൾക്ക് ശത്രുക്കളായിരിക്കും) പ്രത്യക്ഷരായ. (നിങ്ങളുടെ നേർക്ക് അവർ കൈകൾ നീട്ടും) അടി, കൊലപാതകം തുടങ്ങിയവ കൊണ്ട്. (ദുഷ്ടതയെകൊണ്ട് നാവുകളും) അസഭ്യം പറയുക പോലുള്ള ചീത്തയായ വാക്കുകൾ കൊണ്ടും. (നിങ്ങൾ അവിശ്വസിച്ചിരുന്നുവെങ്കിൽ എന്ന് അവർ ആഗ്രഹിക്കുകയും ചെയ്യും) ഇത്രത്തോളം അ

വർ നിങ്ങളിൽ നിന്ന് ഉദ്ദേശിക്കുന്നു.

3). നിങ്ങൾ സമ്പത്തും കുടുംബബന്ധവുമാണ് അവിശ്വാസികളെ മിത്രങ്ങളായി സ്വീകരിക്കാൻ കാരണമായും പൊതുവായും പറയുന്നത്. (ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങളുടെ രക്തബന്ധങ്ങളോ നിങ്ങളുടെ സന്താനങ്ങളോ നിങ്ങൾക്ക് പ്രയോജനപ്പെടുകയില്ല തന്നെ. അല്ലാഹു നിങ്ങളെ തമ്മിൽ വേർപിരിക്കും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് കണ്ടറിയുന്നവനാകുന്നു) അതുകൊണ്ടാണ് നിങ്ങൾക്ക് ദോഷകരമായ, അവിശ്വാസികളുമായുള്ള ബന്ധം ചേർക്കലിനെക്കുറിച്ച് നിങ്ങളെ താക്കീത് ചെയ്യുന്നത്.

4). (തീർച്ചയായും) ഉണ്ടായിട്ടുണ്ട്. (നിങ്ങൾക്ക്) ഓ, സത്യവിശ്വാസികളേ! (ഉത്തമമായ ഒരു മാതൃക) നിങ്ങൾക്ക് ഉപകാരപ്പെടുന്നതും നല്ലതുമായ മാതൃക ഉണ്ട്. (ഇബ്‌റാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ള) സത്യവിശ്വാസികളായവരിലും. കാരണം നേരായ ഇബ്‌റാഹീമിന്റെ മാർഗം പിൻപറ്റാൻ തീർച്ചയായും നിങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നു. (നിങ്ങളുമായും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽ നിന്ന് തീർച്ചയായും ഞങ്ങൾ ഒഴിവായിരിക്കുന്നു). അതായത് തീർച്ചയായും ഇബ്‌റാഹീം عليه السلام അദ്ദേഹത്തോടൊപ്പമുള്ള വിശ്വാസികളും അവരുടെ ജനതയിൽപെട്ട ബഹുദൈവവിശ്വാസികളിൽനിന്നും അല്ലാഹുവിന് പുറമെ അവർ ആരാധിച്ചവയിൽനിന്നും ഒഴിഞ്ഞുനിന്ന സന്ദർഭം. പിന്നീട് അവരോടുള്ള ശത്രുത ശക്തമായി പ്രകടമാക്കുകയും ചെയ്തു. അവർ പറഞ്ഞു: (നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. പ്രകടമാവുകയും ചെയ്തിരിക്കുന്നു) വെളിവായി, വ്യക്തമായി. (ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും) ഹൃദയത്തിൽ വിദ്വേഷവും സ്നേഹമില്ലായ്മയും. ശരീരത്തിലൂടെ, ശത്രുതയും. ആ വിദ്വേഷത്തിനും ശത്രുതക്കും പരിധികളില്ല. മറിച്ച് അത് (എന്നെന്നേക്കുമായി) നിങ്ങൾ നിങ്ങളുടെ അവിശ്വാസത്തിൽ തുടരുന്നേടത്തോളം കാലം. (നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നതുവരെ) നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിച്ചാൽ ശത്രുതയും വിദ്വേഷവും നീങ്ങി അത് സ്നേഹവും മൈത്രിബന്ധവുമായി മാറി. സത്യവിശ്വാസികളേ, നിങ്ങൾക്ക് ഇബ്‌റാഹീമിലും അദ്ദേഹത്തോട് ഒപ്പമുള്ളവരിലും നല്ല മാതൃകയുണ്ട്. വിശ്വാസവും തൗഹീദും അതുമൂലം അനിവാര്യമായി ഉണ്ടാവേണ്ട കാര്യങ്ങളും അതിന്റെ താൽപര്യങ്ങൾ നിലനിർത്തുന്നതിലും എല്ലാ കാര്യത്തിലും അല്ലാഹുവിനെ മാത്രം ആരാധ്യനായി സ്വീകരിക്കുന്നതിലും മാതൃക ഇബ്‌റാഹീം നബി عليه السلامയിലുണ്ട്. (ഒഴികെ) ഒരേയൊരു കാര്യത്തിലൊഴികെ; അത് (ഇബ്‌റാഹിം തന്റെ പിതാവിനോട് പറഞ്ഞ വാക്ക്).

ധിക്കാരിയും അവിശ്വാസിയും ബഹുദൈവ വിശ്വാസിയുമായ ആസറിനെ ഇബ്‌റാഹീം നബി عليه السلام തൗഹീദിലേക്കും വിശ്വാസത്തിലേക്കും ക്ഷണിച്ചപ്പോൾ അദ്ദേഹം വിസമ്മതിച്ചു. അപ്പോൾ ഇബ്‌റാഹീം നബി عليه السلام അദ്ദേഹത്തോട് പറഞ്ഞു: (തീർച്ചയായും ഞാൻ താങ്കൾക്ക് വേണ്ടി പാപമോചനം തേടാം). (അല്ലാഹുവിൽനിന്ന് യാതൊന്നും എനിക്ക് അധീനപ്പെടുത്താനാവില്ല) എങ്കിലും ഞാനെന്റെ രക്ഷിതാവിനോട് പ്രാർഥിക്കും.

عَسَىٰٓ أَلَّآ أَكُونَ بِدُعَآءِ رَبِّي شَقِيًّا ﴿٤٨﴾

“എന്റെ രക്ഷിതാവനോട് ഞാൻ പ്രാർഥിക്കുന്നതുമൂലം ഞാൻ ഭാഗ്യംകെട്ടവനാകാതിരുന്നേക്കാം” (19:48).

ഒരു ബഹുദൈവവിശ്വാസിക്കു വേണ്ടി പ്രാർഥിച്ച ഈ കാര്യത്തിൽ ഇബ്‌റാഹീമിനെ നിങ്ങൾ പിൻപറ്റേണ്ടതില്ല. അവർക്ക് വേണ്ടി പാപമോചനത്തിനായി നിങ്ങൾ പ്രാർഥിക്കരുത്. നിങ്ങൾ പറയണം: അതിൽ ഞങ്ങൾ ഇബ്‌റാഹിം നബിയുടെ മാർഗം പിൻപറ്റുന്നവരാണ്. കാരണം ഇബ്‌റാഹിം നബി ചെയ്തത് എന്തുകൊണ്ടെന്ന് അല്ലാഹു പറയുന്നു:

وَمَا كَانَ ٱسْتِغْفَارُ إِبْرَٰهِيمَ لِأَبِيهِ
إِلَّا عَن مَّوْعِدَةٍ وَعَدَهَآ إِيَّاهُ فَلَمَّا تَبَيَّنَ
لَهُۥٓ أَنَّهُۥ عَدُوٌّ لِّلَّهِ تَبَرَّأَ مِنْهُ

“ഇബ്‌റാഹീം അദ്ദേഹത്തിന്റെ പിതാവിനു വേണ്ടി പാപമോചനം തേടിയത് അദ്ദേഹം പിതാവിനോട് വാഗ്ദാനം ചെയ്തതുകൊണ്ട് മാത്രമായിരുന്നു. എന്നാൽ അയാൾ അല്ലാഹുവിന്റെ ശത്രുവാണെന്ന് അദ്ദേഹത്തിന് വ്യക്തമായപ്പോൾ അദ്ദേഹം അയാളെ വിട്ടൊഴിഞ്ഞു” (9:114).

ഇബ്‌റാഹീമിലും അദ്ദേഹത്തോടൊപ്പമുള്ളവരിലും നിങ്ങൾക്ക് മാതൃകയുണ്ട്; തങ്ങളുടെ ദുർബലതയും കുറവും അംഗീകരിച്ച് അവർ അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുകയും അവനിൽ ഭരമേൽപിക്കുകയും ചെയ്തതിൽ. (നിന്റെമേൽ ഞങ്ങൾ ഭരമേൽപിക്കുന്നു) അതായത് ഞങ്ങൾക്ക് ഉപകാരമുള്ളത് വരുത്താനും ദോഷകരമായത് തടുക്കാനും നിന്നെ ഞങ്ങളേൽപിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അതിൽ ഞങ്ങൾ നിന്നെ ഉറച്ചുവിശ്വസിക്കുകയും ചെയ്യുന്നു. (നിങ്കലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു) നിന്റെ അനുസരണത്തിലേക്കും തൃപ്തിയിലേക്കും നിന്നിലേക്കടുപ്പിക്കുന്ന എല്ലാ പുണ്യങ്ങളിലേക്കും ഞങ്ങൾ മടങ്ങുന്നു. അതിൽ ഞങ്ങൾ ധൃതിപ്പെടുന്നവരാണ്. നന്മകളിൽ പരിശ്രമിക്കുന്നവരായി. ഞങ്ങൾക്കറിയാം, നിന്നിലേക്കാണ് ഞങ്ങളുടെ മടക്കമെന്ന്. അതിനാൽ നിന്നിലേക്ക് വരാൻ ഞങ്ങൾ തയ്യാറെടുക്കും. നിന്നിലേക്ക് അടുപ്പിക്കുന്ന കാര്യങ്ങൾ ഞങ്ങൾ പ്രവർത്തിക്കും.



ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

# വഴിതെറ്റി ഒടുങ്ങിയ ജീവിതം

**ജീ**വിതനദി എപ്പോഴാണ് കലങ്ങിമറിഞ്ഞ് കുത്തിയൊഴുകുക, വഴിമാറുക എന്ന് പറയാൻ കഴിയില്ല. കണ്ടൈൻമെന്റ് സോണിൽനിന്ന് ഒഴിവായോ എന്ന് സാമൂഹ്യപ്രവർത്തകൻ ജേഷ്ഠ സുഹൃത്ത് രാവിലെ വിളിച്ച് ചോദിച്ചിരുന്നു. ഉച്ചക്ക് മുമ്പ് വന്നു, പെട്ടെന്ന് പോകുകയും ചെയ്തു. എനിക്ക് അദ്ദേഹത്തിൽ നിന്ന് കേട്ടറിവുള്ള ഒരു വീട്ടുകാർക്ക് കൂടി സഹായം എത്തിക്കാനായിരുന്നു ധൃതി. മുറ്റത്തിറങ്ങിയ അദ്ദേഹം പലപ്പോഴായി കേട്ട കഥ പറഞ്ഞു പൂർത്തിയാക്കി.

ദൂരെയല്ലാത്ത ആരാധനാലായത്തിലും മതപഠന കേന്ദ്രത്തിലും ജോലി ചെയ്തിരുന്നു ആ യുവാവ്. വലിയ വരുമാനമൊന്നുമില്ലെങ്കിലും ഭാര്യയും കുട്ടിയുമായി സുഖജീവിതം. വേറെയൊരാൾ പറഞ്ഞാണ് ദൂരെയൊരിടത്ത് അതേപോലുള്ള ജോലിക്ക് പോയത്. വരുമാനം കൂടുതൽ. കുഴപ്പമൊന്നുമില്ലാതെ കുറച്ച് കാലം പോയി. ഒഴിവുള്ള നേരത്ത് അടുത്തുള്ള ബേക്കറിയിൽ ഇരിക്കാമെന്ന് ഉടമ പറഞ്ഞു. മുതലാളിയുള്ള നേരം സാധനങ്ങൾ എടുത്തു കൊടുക്കാനും അല്ലാത്തനേരം ക്യാഷ് കൗണ്ടറിലും ജോലി. വരുമാനം കൂടി. ജീവിതം കൂടുതൽ തെളിഞ്ഞു.

ഭക്ഷണം ബേക്കറിയിലെ ആളുകൾക്കൊപ്പം മെസ്സിൽ നിന്നായി. മാസങ്ങൾ കടന്നുപോയി. അവിടെ ജോലി ചെയ്തിരുന്ന പെൺകുട്ടിയുമായി അടുപ്പമായി. ബന്ധം വളർന്നു. കല്യാണത്തിലേക്ക് എത്തി. വേറെ മതക്കാരിയായ അവളെ അയാൾ തന്റെ മതത്തിലേക്ക് ക്ഷണിച്ചു. പറ്റില്ല, വേണമെങ്കിൽ അയാൾക്ക് മതം മാറാം എന്നായി അവൾ. അയാൾ മാറി. സ്വാഭാവികം, അയാൾക്ക് ഉള്ള ജോലി നഷ്ടപ്പെട്ടു. ബേക്കറിയിൽനിന്ന് അവളെയും പിരിച്ചുവിട്ടു. അവർ വേറെ താമസമാക്കി. അയാളുടെ മതവും വേഷവും ഒപ്പം ജീവിതവും മാറി. ഏതാനും മാസങ്ങൾ കടന്നുപോയി. അവളുടെ മദ്യസേവയിൽ അയാളും പങ്കാളിയായി. ഇടയ്ക്ക് സിനിമക്ക് പോയി.

ഒരുനാൾ അവൾ രണ്ട് സിനിമ ടിക്കറ്റ് കൊണ്ടുവന്നു. സിനിമക്ക് പോകാൻ നേരം സുഖമില്ല എന്ന് പറഞ്ഞ് അവൾ ഒഴിവായി. അയാളെ പറഞ്ഞയച്ചു. ബാക്കി ടിക്കറ്റ് കിട്ടിയ കാശിന് ആർക്കെങ്കിലും കൊടുക്കാനും ആവശ്യപ്പെട്ടു. ഒറ്റക്ക് പടം പകുതി കണ്ടപ്പോഴേക്കും അയാൾക്ക് ബോറടിച്ചു, വീട്ടിലേക്ക് മടങ്ങി. വീട്ടിൽ അയാളുടെ കട്ടിലിൽ ഭാര്യയ്ക്കൊപ്പം വേറെ ഒരാൾ! നിയന്ത്രണം വിട്ട അയാൾ ആക്രമിച്ചു. ജാരൻ ഓടി രക്ഷപ്പെട്ടു. അവളെ അയാൾ വെട്ടിക്കൊന്നു. പിന്നെ ആ യുവാവ് തൂങ്ങിമരിക്കുകയും ചെയ്തു. മൃതശരീരം നാട്ടിലേക്ക് കൊണ്ടുവരാൻ നാട്ടുകാർ സമ്മതിച്ചില്ല. അവിടെത്തന്നെ മറവ് ചെയ്തു.

ആദ്യഭാര്യ ആറു വയസ്സുള്ള മോനും മൂന്നു വയസ്സുള്ള മോളുമായി കോളനി വീട്ടിൽ. പിതാവ് മരണപ്പെട്ട വീട്ടിൽ പ്രായമായ മാതാവ്. പിന്നെ ഗൾഫുകാരന്റെ രണ്ടാംഭാര്യയായി മാറിയ, ഇപ്പോൾ അയാൾ തിരിഞ്ഞുനോക്കാത്ത സഹോദരി, അവളുടെ രണ്ട് മക്കൾ...

ആ കുടുംബത്തിന് പതിവായി ഭക്ഷണത്തിന് സഹായം കൊടുക്കാനാണ് സുഹൃത്ത് ധൃതിപ്പെട്ട് പോയത്. എപ്പോൾ വേണമെങ്കിലും പൊളിഞ്ഞ് വീഴാവുന്ന ദ്രവിച്ച വീട്. മൂന്ന് സെന്റ് സ്ഥലം കിട്ടിയാൽ അവർക്ക് പാർക്കാൻ ഒരു കൊച്ചുവീട് നിർമിച്ച് കൊടുക്കാമായിരുന്നു എന്ന പ്രതീക്ഷ അദ്ദേഹം പങ്കു വച്ചു.

ജീവിതത്തിന്റെ ഗതിവിഗതികൾ എപ്പോൾ എങ്ങനെ മാറിമറിയുമെന്ന് ആർക്കറിയാം! പടച്ചവൻ നമ്മെ സദ്പാന്ഥാവിൽ കാലുറപ്പിച്ച് നിർത്തട്ടെ. വഴിതെറ്റിപ്പോയവർക്ക് തിരികെവരാൻ സന്മനസ്സ് തോന്നിപ്പിക്കട്ടെ. പ്രാർഥനകൾ എപ്പോഴും ഉണ്ടായിരിക്കണം.

WISDOM YOUTH

wisdomyouth

# പ്രവാചക സ്നേഹം പ്രമാണങ്ങളിൽ

WISDOM YOUTH തത്സമയ

## മുഖാമുഖം

**16 ഒക്ടോബർ**

**വെള്ളി 7.15 PM**

വീഡിയോ കോൾ വഴി സംശയ നിവാരണത്തിനുള്ള അവസരം

LIVE

WisdomGlobalTV

Wisdom Youth

Wisdom Islamic Youth Organization, CV Complex, PV Swami Road - Calicut

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 OCTOBER 03

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള
**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
നേർപഥം ക്വിസ്
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**
**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**
മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!
**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**
കൂടാതെ ശരിയുത്തരമയക്കുന്ന
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**



ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!

QR കോഡ് സ്കാൻ ചെയ്യുക

zameel the soulmate

വിശദവിവരങ്ങൾക്ക് നേർപഥം വെബ്സൈറ്റോ സമീൽ ഓൺലൈൻ ലൈബ്രറിയോ സന്ദർശിക്കുക

**ഇപ്പോൾ രണ്ട് മത്സരങ്ങളിൽ ഒരുമിച്ച് പങ്കെടുക്കാൻ അവസരം...!!!**
**മത്സരങ്ങൾ, എല്ലാ ഞായറാഴ്ചയും 10 AM മുതൽ... ഉത്തരങ്ങൾ സ്വീകരിക്കാൻ 14 ദിവസം...!!**